കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ജില്ലാ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.17/1940/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 08.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കണ്ണൂർ ജില്ലാ പഞ്ചായത്ത്.

സർ,

വിഷയം : കണ്ണൂർ ജില്ലാ പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2017-18വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.(24.04.2018-ൽ പുറപ്പെടുവിച്ച നം. കെ.എസ്.എ./കെ.എൻ.ആർ./സി.16/545/2018 റിപ്പോർട്ടിലെ ഖണ്ഡികകൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയത്)

ഈ റിപ്പോർട്ടിലെ ഭാഗം 2,3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)തദ്ദേശ സ്വയംഭരണ വകുപ്പ് ,സെക്രട്ടറി (ഉ.പ.സ)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.17/1940/2018 തീയ്യതിഃ 08.03.2019

## കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2017 മുതൽ 31-03-2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 81 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ. അശോകൻ മഠത്തിൽ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-01-2018 മുതൽ 28-02-2018 വരെ<br>24-09-2018 മുതൽ 02-11-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രമണി കിഴക്കീൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.ലീലാകൃഷ്ണൻ എൻ.എം.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുധീഷ് എം.പി.(25-01-2018 മുതൽ 28-02-2018 വരെ)<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷഹീൻ.പി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജോഷ് പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗണേശൻ കേളോത്ത്<br>അസി.ഓഡിറ്റ് ഓഫീസർ. |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വി.സുമേഷ് | 01-04-2017 മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീ.കെ.വി.സജീവൻ (എക്സിക്യൂട്ടീവ് എഞ്ചിനിയർ എൽ.എസ്.ജി.ഡി) അധിക ചുമതല | 01-04-2017 മുതൽ 31-10-2017വരെ |
| | ശ്രീ.ചന്ദ്രൻ.വി. | 01-11-2017 മുതൽ 31-03-2018വരെ |

നിർവ്വഹണോദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.വി.സജീവൻ (എക്സിക്യൂട്ടീവ് എഞ്ചിനിയർ എൽ.എസ്.ജി.ഡി) അധിക ചുമതല | 01-04-2017 മുതൽ 31-10-2017വരെ |
| | ശ്രീ.ചന്ദ്രൻ.വി. | 01-11-2017 മുതൽ 31-03-2018വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | ശ്രീ.കെ.വി.സജീവൻ | 01-04-2017 മുതൽ 31-03-2018വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ, ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, അഴീക്കൽ | ശ്രീ.ഉല്ലാസ് കുമാർ വി.എം. | 01-04-2017 മുതൽ 31-03-2018വരെ |
| ജില്ലാ വനിതാ ക്ഷേമ ഓഫീസർ | ശ്രീമതി.ബീന.കെ. | 01-04-2017 മുതൽ 31-03-2018വരെ |
| പ്രോജക്ട് ഓഫീസർ (ഐ.ടി.ഡി.പി.) കണ്ണൂർ | ശ്രീമതി.ജാക്വിലിൻ ഷൈനി ഫർണാണ്ടസ് | 01-04-2017 മുതൽ 31-03-2018വരെ |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യൂ.എം) | ശ്രീമതി.എം. എലിസബത്ത് | 01-04-2017 മുതൽ 28-04-2017വരെ |
| | | 01-06-2017 മുതൽ 04-11-2017വരെ |
| | ശ്രീ.സതീഷ് കുമാർ.കെ.പി. (അധിക ചുമതല) | 29-04-2017 മുതൽ 31-05-2017വരെ |
| | ശ്രീമതി.ജോളി അലക്സ് (അധിക ചുമതല) | 05-11-2017 മുതൽ 19-11-2017വരെ |
| | ശ്രീ.അലി.പി | 20-11-2017 മുതൽ 31-12-2017വരെ |
| | ശ്രീമതി.അജിമോൾ ഇ കെ | 01-01-2018 മുതൽ 28-01-2018വരെ |
| | ശ്രീ.അലി.പി | 29-01-2018 മുതൽ 04-03-2018വരെ |
| | ശ്രീമതി.ജോളി അലക്സ് (അധിക ചുമതല) | 05-03-2018 മുതൽ 31-03-2018വരെ |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) | ശ്രീ.സതീഷ് കുമാർ.കെ.പി. | 01-04-2017 മുതൽ 10-10-2017 വരെ |
| | ശ്രീമതി.അനില.കെ. | 11-10-2017 മുതൽ 31-03-2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) മൃഗസംരക്ഷണം | ഡോ.പി വി ഉണ്ണികൃഷ്ണൻ | 01-04-2017 മുതൽ 05-08-2017വരെ |
| | ഡോ.സിപി പ്രസാദ് | 06-08-2017മുതൽ 15-08-2017 രെ |
| | ഡോ.അയ്യൂബ് എ | 16-08-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കൃഷി | ശ്രീ.സി.കെ.മോഹനൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്, ജി.ഐ.എഫ്.ഡി. നെരുവമ്പ്രം | ശ്രീമതി.ലിസാമ്മ ജോൺ | 01-04-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്, ജി.ഐ.എഫ്.ഡി. തോട്ടട | ശ്രീ.എ രാജേഷ്.കെ. | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ | ശ്രീ.ബാബുരാജൻ പി | 01-04-2017 മുതൽ 02-08-2017 വരെ |
| | ശ്രീ.കരുണാകരൻ യു | 03-08-2017 മുതൽ 20-01-2018 വരെ<br>01-02-2018 മുതൽ 28-02-2018 വരെ |
| | ശ്രീ.സി പി പത്മരാജ് | 21-01-2018 മുതൽ 31-01-2018 വരെ<br>01-03-2018 മുതൽ 31-03-2018 വരെ |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കണ്ണൂർ | ഡോ.എം.സുർജിത്ത് | 01-04-2017 മുതൽ 31-03-2018 വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.ജെ.മൈക്കിൾ | 01-04-2017 മുതൽ 05-08-2017 വരെ |
| | ശ്രീ.സജീവ്.വി | 06-08-2017 മുതൽ 24-09-2017 വരെ |
| | ശ്രീ.കെ.കെ.ഷാജു | 25-09-2017 മുതൽ 31-03-2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്, കണ്ണൂർ | ശ്രീമതി.അജിത.കെ. | 01-04-2017 മുതൽ 28-04-2017 വരെ |
| | | 24-05-2017 മുതൽ 12-06-2017 വരെ |
| | | 01-08-2017 മുതൽ 16-08-2017 വരെ |
| | | 01-09-2017 മുതൽ 02-10-2017 വരെ |
| | ശ്രീ.സുധീർകിഷൻ.ബി.കെ. | 29-04-2017 മുതൽ 23-05-2017 വരെ |
| | | 13-06-2017 മുതൽ 31-07-2017 വരെ |
| | ശ്രീ.കെ.രഘു | 17-08-2017 മുതൽ 31-08-2017 വരെ |
| | ശ്രീമതി.ബീന സുകുമാർ.പി | 03-10-2017 മുതൽ 31-01-2018 വരെ |
| | | 01-02-2018 മുതൽ 31.03.2018 വരെ |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കണ്ണൂർ | ശ്രീമതി.ഷീബ.എൽ. | 01-04-2017 മുതൽ 06-07-2017 വരെ |
| | ശ്രീ.എം.എം.മോഹൻദാസ് | 07-07-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.സി.രമേശൻ | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രൊജക്ട് ഓഫീസർ പി.എ.യു | ശ്രീ.കെ.എം.രാമകൃഷ്ണൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | ശ്രീമതി.പി.ലീന | 01-04-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, തളിപറമ്പ് | ശ്രീ.ഉണ്ണികൃഷ്ണൻ.വി | 01-04-2017 മുതൽ 28-04-2017 വരെ |
| | ശ്രീ.ജീവൻരാജ്.ടി.വി. | 29-04-2017 മുതൽ 23-06-2017 വരെ |
| | | 11-07-2017 മുതൽ 30-07-2017 വരെ |
| | | 13-09-2017 മുതൽ 24-09-2017 വരെ |
| | | 31-10-2017 മുതൽ 31-03-2018 വരെ |
| | ശ്രീ.ഉമേഷ് പുത്തൻ വീട്ടിൽ | 24-06-2017 മുതൽ 04-07-2017 വരെ |
| | ശ്രീമതി.ശോഭ എ മേനോൻ | 05-07-2017 മുതൽ 11-07-2017 വരെ |
| | | 31-07-2017മുതൽ 12-09-2017 വരെ |
| | ശ്രീമതി.ഗീത അലക്സാണ്ടർ | 25-09-2017 മുതൽ 30-10-2017 വരെ |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ | ശ്രീമതി.എം.കമലം | 01-04-2017 മുതൽ 02-07-2017 വരെ |
| | ശ്രീമതി.മീന മേരി ജോർജ് | 03-07-2017 മുതൽ 11-07-2017 വരെ |
| | ശ്രീ.ടി.ദിലീപ് കുമാർ | 12-07-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, കണ്ണൂർ | ഡോ.പ്രീത. പി.പി | 01-04-2017 മുതൽ 07-04-2017 വരെ |
| | | 02-05-2017 മുതൽ 10-05-2017 വരെ |
| | | 18-05-2017 മുതൽ 10-07-2017 വരെ |
| | | 31-07-2017 മുതൽ 07-08-2017 വരെ |
| | | 19-10-2017 മുതൽ 25-10-2017 വരെ |

| | | |
|---|---|---|
| | ഡോ.രാജേഷ്.വി.പി. | 08-04-2017 മുതൽ<br>01-05-2017 വരെ |
| | | 11-05-2017 മുതൽ<br>17-05-2017 വരെ |
| | | 11-07-2017 മുതൽ<br>30-07-2017 വരെ |
| | | 08-08-2017 മുതൽ<br>18-10-2017 വരെ |
| | | 26-10-2017 മുതൽ<br>31-03-2018 വരെ |
| സൂപ്രണ്ട്<br>ആയുർവ്വേദാശുപത്രി, കണ്ണൂർ | ഡോ.വിവി ശ്രീകുമാർ | 01-04-2017 മുതൽ<br>26-05-2017 വരെ |
| | ഡോ.അനിത ഒ | 01-07-2017 മുതൽ<br>31-07-2017 വരെ |
| | ഡോ.ടി എസ് ജയൻ | 31-10-2017 മുതൽ<br>11-12-2017 വരെ |
| | ഡോ.എസ് ആർ ബിന്ദു | 27-05-2017 മുതൽ<br>30-06-2017 വരെ<br>01-08-2017 മുതൽ<br>30-10-2017 വരെ<br>12-12-2017 മുതൽ<br>31-03-2018 വരെ |
| സൂപ്രണ്ട് ജില്ലാആശുപത്രി ഹോമിയോ | ഡോ.വി ശിവരാമകൃഷ്ണൻ | 01-04-2017 മുതൽ<br>28-06-2017 വരെ |
| | ഡോ.ഷാജിമോൻ പീറ്റർ | 29-06-2017 മുതൽ<br>05-11-2017 വരെ |
| | ഡോ.സുരേഷ് എടി | 06-11-2017 മുതൽ<br>31-03-2018 വരെ |
| ജില്ലാമെഡിക്കൽ ഓഫീസർ ആരോഗ്യം | ഡോ.നാരായണ നായക് കെ | 01-04-2017മുതൽ<br>31-03-2018 വരെ |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ,പാലയാട് | ശ്രീമതി.അനിത ഐ | 01-04-2017മുതൽ<br>11-06-2017 വരെ |
| | ശ്രീ.രമേഷ് ബാബു | 12-06-2017 മുതൽ<br>31-03-2018 വരെ |
| ജില്ലാസോയിൽ കൺസർവേഷൻ ഓഫീസർ, | ശ്രീ.അബ്ദുൾ സമദ് കെ പി | 01-04-2017 മുതൽ<br>31-03-2018 വരെ |
| സൂപ്രണ്ട് ഗവൺമെന്റ് ഗോട്ട് ഫാം കൊമ്മേരി | ഡോ.പി സതീഷ് കുമാർ | 01-04-2017 മുതൽ<br>21-04-2017 വരെ |
| | ഡോ.എം എൻ വാസുദേവൻ | 22-04-2017മുതൽ<br>04-10-2017 വരെ |

| | | |
|---|---|---|
| | ഡോ.റാം മോഹൻ ഷെട്ടി | 05-10-2017 മുതൽ 31-03-2018 |
| പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് കണ്ണാടിപ്പറമ്പ് | ശ്രീ.രത്നാകരൻ ടി | 01-04-2017 മുതൽ 30-06-2017വരെ |
| | ശ്രീ.രാധാകൃഷ്ണൻ ഇ | 01-07-2017 മുതൽ 31-03-2018 വരെ |
| പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് പുഴാതി | ശ്രീമതി.ഷെറിൻ ജോസഫ് | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് രാമന്തളി | ശ്രീ.രാജേഷ് | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് കല്ല്യാശ്ശേരി | കെ എം ജോസ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ, ജി എച്ച് എസ് എസ് കണ്ണാടിപ്പറമ്പ | ശ്രീ.പുരുഷോത്തമൻ പി | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീമതി.വിമല ചേരിക്കപ്പൊയിൽ | 01-06-2017 മുതൽ 31-03-2018വവരെ |
| ഹെഡ് മാസ്റ്റർ ,ഇ കെ എം ജി എച്ച് എസ് എസ്,ചെറുകുന്ന് | ശ്രീ.എബ്രഹാം വർഗ്ഗീസ് | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ.വിജയൻ ടി വി | 01-06-2017മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ ,ഇ കെ എം ജി എച്ച് എസ് എസ്,പട്ടുവം | ശ്രീ.വിജയകുമാർ എം വി | 01-04-2017 മുതൽ 02-06-2017 വരെ |
| | ശ്രീ.ഗോപാലൻ ഒ എം | 03-06-2017 മുതൽ 31-03-2018 വരെ |
| പ്രിൻസിപ്പാൾ ജി വി എച്ച് എസ് എസ് കതിരൂർ | ശ്രീമതി.പാർവ്വതി മീര | 01-04-2017 മുതൽ 30-10-2017 |
| | ശ്രീമതി.ഹീര കെ എസ് | 31-10-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ,ജി വി എച്ച് എസ് എസ് ,വയക്കര | ശ്രീമതി.ചിന്നമ്മ ജോർജ് | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ.ഭരതൻ പി | 01-06-2017 മുതൽ 06-09-2017 വരെ |
| | ശ്രീ.ഉണ്ണി ടി എസ് | 07-09-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ ജി വി എച്ച് എസ് എസ് പിണറായി | ശ്രീ.വിനോദ് കുമാർ പി വി | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം. | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-11 |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | നടീൽ വസ്തുക്കളുടെ വില്പന- പിരിഞ്ഞുകിട്ടാനുള്ളത് 71.72 ലക്ഷം രൂപ | 2-1 |
| 13 | കാർഷിക പരമ്പരാഗതവ്യവസായ ഉല്പന്ന പ്രദർശന വിപണനമേള-വരവ് തുക നേരിട്ട് വിനിയോഗം നടത്തിയത് ക്രമവിരുദ്ധം | 2-2 |
| 14 | സ്കൂൾ വളപ്പിലെ കശുമാവിൽ നിന്നുള്ള ആദായം-യഥാസമയം ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കുന്നില്ല. | 2-3 |
| 15 | ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികൾക്ക് വാടക ഈടാക്കുന്നതിലെ അപാകങ്ങൾ | 2-4 |
| 16 | സയൻസ് പാർക്ക് -പിരിവ് തുക ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കുന്നതിൽ കാലതാമസം | 2-5 |
| | ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | മേനോൻ കുന്ന് സാംസ്കാരിക നിലയത്തിൽ ഫർണ്ണിച്ചർ,കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-1 |
| 18 | ജില്ലാപഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ – സർക്കാർ | 3-2 |

| | | |
|---|---|---|
| | നിർദ്ദേശം പാലിച്ചിട്ടില്ല – 14,81,394 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 19 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഷീ ടോയ് ലറ്റ് വാർഷിക മെയിന്റനൻസ് കരാർ നൽകി | 3-3 |
| 20 | സ്കൂളുകളിലെ വനിതാവിശ്രമ മുറിയിൽ ഫർണ്ണിച്ചർ വാങ്ങൽ- അപാകങ്ങൾ-12127 രൂപ നിരാകരിക്കുന്നു.985443 രൂപ തടസപ്പെടുത്തുന്നു. | 3-4 |
| 21 | അപ്പാരൽ പാർക്കിന് നൽകിയ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-5 |
| 22 | സ്ത്രീ സൗഹൃദ കേന്ദ്രം(സീതാലയം)-പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല - 299231/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | ബിറ്റുമെൻ കോസ്റ്റ് ഇൻെറസ്റ്റ് ഇനത്തിൽ ഈടാക്കിയ തുക സഞ്ചിത നിധിയിൽ ഒടുക്കാത്തത്. | 3-7 |
| 24 | ജില്ല കൃഷിത്തോട്ടം തളിപ്പറമ്പ് -താല്ക്കാലിക നിയമനം- ക്രമപ്രകാരമല്ല | 3-8 |
| 25 | സയൻസ് ഫെസ്റ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 26 | തൊഴിൽ പരിശീലനം - പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം - 2,58,750/- രൂപ നിരാകരിക്കുന്നു. 137671 രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 27 | ആവശ്യകത പരിശോധിക്കാതേയും വികേന്ദ്രികൃത ആസൂത്രണത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാതെയും ദീർഘവീക്ഷണമില്ലാതേയും പ്രൊജക്റ്റ് നടപ്പിലാക്കി. ലക്ഷക്കണക്കിന് രൂപയുടെ പാഴ്ചെലവ് | 3-11 |
| 28 | ആവശ്യമായ പഠനം നടത്താതെ പ്രോജക്റ്റ് നടപ്പാക്കി - 75 ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നു | 3-12 |
| 29 | ശ്മശാനങ്ങളുടെ നിർമ്മാണത്തിന് ധനസഹായം - നിഷ്ക്രിയമായി കിടക്കുന്നത് 1.96 കോടി രൂപ - 2017-18-ൽ ചെലവഴിച്ച 1.32 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-13 |
| 30 | ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ - അപാകങ്ങൾ - 53,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-14 |

| | | |
|---|---|---|
| 31 | കാൻസർ ഡിറ്റക്ഷൻ വിഭാഗം ശക്തിപ്പെടുത്തൽ - ആസൂത്രണത്തിൽ വീഴ്ച | 3-15 |
| 32 | പാലിയേറ്റീവ് കെയർ പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല | 3-16 |
| 33 | നിർമ്മാണ പ്രവൃത്തികൾക്ക് വിഹിതം കൈമാറുമ്പോൾ സ്ഥാപനവുമായി കരാർ ഉണ്ടാക്കുന്നില്ല | 3-17 |
| 34 | ഗ്രാമ പഞ്ചായത്തുകളിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 3-18 |
| 35 | വിവിധ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി - വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല | 3-19 |
| 36 | വയോജന വ്യായാമ കേന്ദ്രനിർമ്മാണം - പദ്ധതി പൂർത്തിയായില്ല | 3-20 |
| 37 | എസ്.ടി. കോളനികളിലെ വയോജനങ്ങൾക്ക് മെഡിക്കൽക്യാമ്പ് – പദ്ധതി നിർവ്വഹണം സുതാര്യമല്ല - 1856903/- രൂപ തടസ്സപ്പെടുത്തുന്നു. | 3-21 |
| 38 | കാക്കത്തുരുത്തി കുടിവെള്ള പദ്ധതി തുക കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-22 |
| 39 | ചൂട്ടാട്ടുപുതിയവളപ്പ് കോളനി കുടിവെള്ള പദ്ധതി – തുക കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-23 |
| 40 | ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കെട്ടിടങ്ങളുടെ ആസ്തിവികസനത്തിന് തുക ചെലവ് ചെയ്തത് ക്രമപ്രകാരമല്ല – 2930894 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-24 |
| 41 | എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാതമംഗലത്തെ ബ്രഡ് നിർമ്മാണ യൂണിറ്റ്, ധാന്യം പൊടിക്കുന്ന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 20 ലക്ഷത്തിലധികം രൂപ നിഷ്ക്രിയമായി കിടക്കുന്നു. | 3-25 |
| 42 | വാണിയപ്പാറ എസ്.സി.കോളനി കുടിവെള്ള പദ്ധതി സാമൂഹ്യ ഭൂപടം ഹാജരാക്കിയിട്ടില്ല. | 3-26 |

| | | |
|---|---|---|
| 43 | പുതുശ്ശേരിതട്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം - ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല. | 3-27 |
| 44 | ജന്റിൽ വുമൺ പദ്ധതി - അടിസ്ഥാന സൗകര്യം ഒരുക്കാതെ പദ്ധതി നടപ്പിലാക്കി | 3-28 |
| 45 | കാങ്കോൽ സീഡ് ഫാം സൗന്ദര്യ വല്ക്കരണം(പ്രോ.നം.s0067/18) – ഇൻകം ടാക്സ് കിഴിവുചെയ്യാതെ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു | 3-29 |
| 46 | സ്റ്റേറ്റ് സീഡ് ഫാം പാലയാട് -ഓഫീസ് കെട്ടിടത്തിൽ സൗരോർജ്ജ വൈദ്യുതീകരണവും സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും(soo37/18)-പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-30 |
| 47 | സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജില്ലാ വെറ്റിനറി കേന്ദ്രത്തിന് ക്വാർട്ടേഴ്സ് നിർമ്മിച്ചത് ക്രമവിരുദ്ധം - ചെലവ് തുക 1494230 രൂപ തടസപ്പെടുത്തുന്നു. | 3-31 |
| 48 | എ.ബി.സി. പ്രോഗ്രാം പദ്ധതി -വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം വിനിയോഗിച്ചിട്ടില്ല. | 3-32 |
| 49 | പ്രീ മെട്രിക്ക് ഹോസ്റ്റലിന് ധനസഹായം നൽകിയത് ക്രമവിരുദ്ധം - ജില്ലാപഞ്ചായത്ത് മേഖലാ ചുമതലയിൽ പെടാത്തത്. | 3-33 |
| 50 | മാവുംതട്ട് കമ്മ്യൂണിറ്റി ഹാൾ റിപ്പയറിംഗ് -ഉദയഗിരി ഗ്രാമപഞ്ചായത്തിന് ധനസഹായം -കരാർ ഉടമ്പടി രേഖ-വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-34 |
| 51 | പിണറായി എ കെ ജി എം ജി എച്ച് എസ് എസിന് മെയിന്റനൻസിന് തുകനൽകിയത്- ചെലവ് രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 105396 രൂപ തടസപ്പെടുത്തുന്നു. | 3-35 |
| 52 | കുറുമാത്തൂർ ട്രെയിനിംഗ് സെന്റർ -പണി പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-36 |
| 53 | ജില്ലാഫാമുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ-ഫണ്ട് മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല. | 3-37 |

| | | |
|---|---|---|
| 54 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി -കേരള പൊതു മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല. | 3-38 |
| 55 | എടമന ചെളിംപറമ്പ്-വലിയപറമ്പ് - നെല്ലിക്കുറ്റി ഏറ്റുപാറ റോഡ് എരുവേശ്ശി ഗ്രാമപഞ്ചായത്ത് അധികം നല്കിയ 9423 രൂപ നിരാകരിക്കുന്നു. | 3-39 |
| 56 | ജി.എച്ച്.എസ്.എസ്. ചെറുതാഴം അറ്റകുറ്റപണി അധികം നല്കിയ 14584 രൂപ നിരാകരിക്കുന്നു | 3-40 |
| 57 | കയ്യന്തടം എസ്.സി കോളനി റോഡ് അധികം നല്കിയ 12059 രൂപ നിരാകരിക്കുന്നു | 3-41 |
| 58 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. | 3-42 |
| 59 | എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികൾ - തുക വിനിയോഗം കാര്യക്ഷമമല്ല. | 3-43 |
| 60 | ജില്ലാ ആയുർവേദ ആശുപത്രി മെയിന്റനൻസ് (പ്രോ.നം.so529/18) നിർമ്മിതിയെ ഏല്പിച്ചത്-സർക്കാർ ഉത്തരവിനു വിരുദ്ധം | 3-44 |
| 61 | പ്രോജക്ടുകൾ പ്രകാരം ആശുപത്രിക്ക് മരുന്നു വാങ്ങൽ- ഡി.എം.ഒയിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-45 |
| 62 | ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചില്ല. | 3-46 |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 63 | സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 64 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 65 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 66 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 67 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 68 | ഓഡിറ്റ് റിക്കവറി | 4-6 |
| 69 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 70 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 71 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 72 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 73 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 74 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 75 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24-03-2017 ലെ 35/2017(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17-03-2018 തിയതിയിലെ 35/2018 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 136466625 | 144539846 |
| വരവ് | 1035847600 | 984055220 |
| ആകെ | 1172314225 | 1128595066 |
| ചെലവ് | 1094045340 | 1023095066 |
| നീക്കിയിരിപ്പ് | 78268885 | 105500000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 30-07-2018 | 03-09-2018 | അപാകതകൾ പരിഹരിച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 03-09-2018 | കെ എസ് എ കെ എൻ ആർ സി-17/1667/2018 തീയതി |

| | | |
|---|---|---|
| | | 18-09-2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | 2017-18 |
|---|---|
| മുന്നിരിപ്പ് | 144628014.60 |
| വരവ് | 1045916013 |
| ആകെ | 1190544027.60 |
| ചെലവ് | 1129026033 |
| നീക്കിയിരിപ്പ് | 61517994.60 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ സി ആർ പ്രകാരം) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 403946574 | 40,39,46,574 | 30,50,76,477 | 9,88,70,097 | 76 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6,26,65,200 | 6,26,65,200 | 6,07,87,486 | 18,77,714 | 97 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,98,15,000 | 1,98,15,000 | 1,98,02,099 | 12,901 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 42,95,85,572 | 42,95,85,572 | 35,24,62,621 | 7,71,22,951 | 82 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7,67,70,415 | 7,67,70,415 | 6,78,00,342 | 89,70,073 | 88 |
| പൊതു ആവശ്യഫണ്ട് | 0 | 2,73,41,000 | 2,73,41,000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| സംയുക്ത ഫണ്ട് | 74,44,000 | 9,00,000 | 83,44,000 | 3,10,000 | 80,34,000 | 3.71 |
| ബി ഫണ്ട് | 0 | 1,04,14,980 | 1,04,14,980 | 1,04,14,980 | 0 | 100 |
| ടി.എസ്.ബി. | 13,41,31,728 | 10,37,73,807 | 23,79,05,535 | 22,54,58,127 | 1,24,47,408 | 94.76 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.ബി.ഐ (എസ്.എസ്.എ) | 1,62,903.60 | 4,38,90,580 | 44,05,34,83.60 | 61,40,285 | 3,79,13,198.60 | 14 |
| സിൻഡിക്കേറ്റ് ബാങ്ക് (എസ്.എസ്.എ.) | 27,46,152 | 2,77,982 | 30,24,044 | 0 | 30,24,044 | 0 |
| ബാങ്ക് അക്കൗണ്ട് നം. 12763 (ട്രഷറി) | 54,963 | 9,94,690 | 10,49,653 | 450,319 | 99,334 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 734 | 1656964959 | 383 | 844699977 | 295 | 351 | 50.97 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 42 | 33 | 311887318 | 128065904 | 41.06 |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 349 | 173 | 642939820 | 387439506 | 60.26 |
| ഹെഡ് മാസ്റ്റർ, ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, അഴീക്കൽ | 1 | 1 | 200000 | 154815 | 77.4 |
| ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 2 | 2 | 2000000 | 1797394 | 89.86 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് ഓഫീസർ (ഐ.ടി.ഡി.പി.) കണ്ണൂർ | 3 | 3 | 5768108 | 5668108 | 98.26 |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യൂ.എം) | 8 | 8 | 29920320 | 19079412 | 63.76 |
| ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) മൃഗസംരക്ഷണം | 3 | 3 | 4262863 | 3021896 | 70.88 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കൃഷി | 20 | 12 | 21463783 | 4928737 | 22.96 |
| സൂപ്രണ്ട്, ജി.ഐ.എഫി.ഡി. നെരുവമ്പ്രം | 1 | 1 | 500000 | 357140 | 71.42 |
| സൂപ്രണ്ട്, ജി.ഐ.എഫി.ഡി. തോട്ടട | 1 | 1 | 500000 | 469000 | 93.8 |
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ | 7 | 6 | 22065504 | 17539171 | 79.48 |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കണ്ണൂർ | 3 | 3 | 10800000 | 4378236 | 40.53 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 4 | 3 | 21948568 | 20947156 | 95.43 |
| ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്, കണ്ണൂർ | 1 | 0 | 840550 | 0 | 0 |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ, | 10 | 10 | 41426370 | 34719836 | 83.81 |

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ | | | | | |
| മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | 3 | 3 | 5955555 | 5703780 | 96.67 |
| പ്രൊജക്ട് ഡയരക്ടർ പി എ യു | 8 | 8 | 56795432 | 56795432 | 100 |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സേറ്റ് സീഡ് ഫാം വേങ്ങാട് | 2 | 2 | 1410000 | 781819 | 55.44 |
| സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, തളിപറമ്പ് | 9 | 7 | 11781115 | 7660157 | 65.02 |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ | 2 | 2 | 2500000 | 756077 | 30.24 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, കണ്ണൂർ | 6 | 5 | 26200000 | 20459769 | 78.09 |
| സൂപ്രണ്ട് ആയുർവ്വേദാശുപത്രി, കണ്ണൂർ | 5 | 5 | 6757926 | 6496169 | 96.12 |
| സൂപ്രണ്ട് ജില്ലാആശുപത്രി ഹോമിയോ | 3 | 3 | 1900000 | 1717904 | 90.41 |
| ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം | 5 | 5 | 10919750 | 9910894 | 90.76 |
| ജില്ലാ മെഡിക്കൽ | 1 | 1 | 2000000 | 1856903 | 92.86 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ ആയുർവേദം | | | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂർ | 202 | 61 | 376283502 | 76665868 | 20.37 |
| ഡെപ്യൂട്ടി ഡയരക്ടർ ക്ഷീരവികസനം | 2 | 2 | 18696431 | 18582670 | 99.39 |
| സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ,പാലയാട് | 4 | 4 | 7861365 | 4755417 | 60.49 |
| ജില്ലാസോയിൽ കൺസർവേഷൻ ഓഫീസർ, | 1 | 1 | 1000000 | 233986 | 23.39 |
| സൂപ്രണ്ട് ഗവൺമെന്റ് ഗോട്ട് ഫാം കൊമ്മേരി | 2 | 1 | 730189 | 97382 | 13.36 |
| ഹെഡ് മാസ്റ്റർ എച്ച് എസ് | 14 | 6 | 5971990 | 1080344 | 18.09 |
| പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് | 7 | 5 | 2834055 | 1927833 | 68.02 |
| പ്രിൻസിപ്പാൾ ജി വി എച്ച് എസ് എസ് | 2 | 2 | 700000 | 65126 | 9.30 |
| അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണർ | 1 | 1 | 200000 | 0 | 0 |
| ആകെ | 734 | 383 | 1656964959 | 844699977 | 50.97 |

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 173 ഉപവകുപ്പ്(1) ലെ പട്ടിക 5ൽ ജില്ലാ പഞ്ചായത്ത് അനുവർത്തിക്കേണ്ട ചുമതലകളെപറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലകാലങ്ങളായി ഏൽപ്പിച്ചുകൊടുത്തതുമായ ചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ(2017-22) ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള

മാർഗ്ഗരേഖ ( ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ.29.03.17) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അനുബന്ധം 1 ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ ജില്ല പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഒമ്പത് ഘട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

1.<u>ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ</u>

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും 16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ 13 അംഗ ആസൂത്രണസമിതി രൂപീകരിച്ചത് 30-01-2017 തീയതിയിലെ 16/2017(1) തീരുമാനപ്രകാരമാണ് . 2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ട്.(10-02-2017,23-03-2017,24-04-2017) ഇതിൽ രണ്ടാമത്തേയും മൂന്നാമത്തേയും യോഗത്തിൽ പങ്കെടുത്തവരുടെ ഒപ്പ് രേഖപ്പെടുത്തിയതല്ലാതെ അജണ്ടയോ തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആസൂത്രണസമിതി ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർണ്ണായക ചുമതലകളുള്ള ആസൂത്രണസമിതിയുടെ പ്രവർത്തനം ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ശരിയല്ല. ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നില്ല എന്നുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നീ രണ്ട് ഘട്ടങ്ങളുടെ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കരട് പ്രൊജക്റ്റ് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുക,ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തിന്റെ 30-01-2017 തീയതിയിലെ 16/2017(2) തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

2.<u>വികസനരേഖ തയ്യാറാക്കൽ</u>

വികസനരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ സ്ഥിതിവിവരകണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്. വിവിധ മേഖലകളുടെ വികസനാവസ്ഥ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സ്വീകരിച്ച വികസനതന്ത്രങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലുകൾ എന്നിവ സംബന്ധിച്ച് അപഗ്രഥനം നടത്തിയിട്ടുണ്ട്.

10-02-2017തീയതിയിൽ കണ്ണൂർ ജില്ല പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, വൈസ് ചെയർമാൻമാർ, കൺവീനർ എന്നിവർ പങ്കെടുത്ത വികസനരേഖ തയ്യാറാക്കുന്ന യോഗത്തിൽ 13-ാം പഞ്ചവത്സരപദ്ധതിയുടെ വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

3.<u>ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ</u>

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ / ഊരുക്കൂട്ടങ്ങൾ യോഗം ചേരൽ എന്നിവയാണ്. ജില്ല പഞ്ചായത്തിനെ സംബന്ധിച്ച് ഗ്രാമസഭയെന്നത് ജില്ല പഞ്ചായത്ത് പ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തിലെ ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻമാർ എന്നിവരുടെ യോഗം ഗ്രാമസഭ യോഗത്തിന് സമാനമായി കണക്കാക്കിയിട്ടുണ്ട്. 03-04-2017ന് നടന്ന ജില്ല പഞ്ചായത്ത് ഗ്രാമസഭയിൽ ആകെ

87 അംഗങ്ങൾ പങ്കെടുത്തു. ഗ്രാമസഭ മീറ്റിംഗിന്റെ അജണ്ടയോ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചർച്ചകളോ ഇത് സംബന്ധിച്ച തീരുമാനങ്ങളോ ഒന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

4.വികസന സെമിനാർ

02-05-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 211 പേർ പങ്കെടുത്തിട്ടുണ്ട് . ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ല പഞ്ചായത്ത് പ്രതിനിധികൾ, ജില്ലയിലെ ആസൂത്രണ സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് തല ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻമാർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥർ മുതലായ എല്ലാ വിഭാഗങ്ങളും ജില്ല പഞ്ചായത്തിന്റെ വികസന സെമിനാറിൽ പങ്കെടുത്തിട്ടുണ്ട്. വികസന സെമിനാറിൽ നടന്ന ചർച്ചകളെയും തീരുമാനങ്ങളെയും സംബന്ധിച്ച് വിശദാംശങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിട്ടില്ല. ആയതിനാൽ വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ടോ എന്നും പദ്ധതിയുടെ പൊതുവായ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടുണ്ടോ എന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

5.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെ കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാധ്യതകൾ പരിശോധനാ വിധേയമാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായ പദ്ധതി ആസൂത്രണത്തിൽ വിഭവസ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക ,പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തിയതായും വിശദമായ തീരുമാനങ്ങൾ കൈകൊണ്ടതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുക,മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക ആവശ്യമായ നിർദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക തുടങ്ങിയ ചുമതലകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായി മിനുട്സിൽരേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട തയ്യാറാക്കേണ്ട രേഖകളും കണക്കുകളും തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.

മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6.പ്രോജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രോജക്ട് നിർദ്ദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളിലെ ഖണ്ഡിക 6.2 പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രൊജക്ടിന്റെ കണക്കുകൾ നൽകുന്നതിനോടൊപ്പം പ്രൊജക്ടിനെ കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിന് ലളിതമായ ഭാഷയിൽ ഒരു പ്രൊജക്ട് നിർദേശം കൂടി തയ്യാറാക്കി ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണോദ്യോഗസ്ഥരും ഈ നിർദേശം പാലിച്ചതായി കാണുന്നില്ല. പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് വർക്കിംഗ് ഗ്രൂപ്പ് ചെയർ പേഴ്സണും കൺവീനറും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

7.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

കണ്ണൂർ ജില്ല പഞ്ചായത്തിന്റെ 18-05-2017 ലെ സാധാരണ യോഗത്തിലെ 55/17 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല

ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

8.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ച് നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

9.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ജില്ല ആസൂത്രണസമിതിയിൽ നിന്നും ആകെ 734 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും ആയതിന് 1656964959 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ അടങ്കലിന്റെ 50.97 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീയാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൃത്യമായ സമയപട്ടിക തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്താത്തതിന്റെ അഭാവമാണ് പദ്ധതി ചെലവ് ആകെ അടങ്കലിന്റെ പകുതി മാത്രമായി കുറയാൻ കാരണം. ഇത് ആസൂത്രണത്തിലെ ജാഗ്രത കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതിന്റെ വിവരം വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസനകാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ കണക്കിലെടുത്താണ് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്നും ഇക്കാര്യം ജില്ല ആസൂത്രണസമിതി പ്രത്യേകം പരിശോധിക്കേണ്ടതാണെന്നും പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഇവ തയ്യാറാക്കേണ്ടത് പ്രധാനമായും വികസനരേഖയുടെ അടിസ്ഥാനത്തിലാണ്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയുടേയും വികസനത്തിൽ പഞ്ചായത്ത് നടത്തുന്ന ഇടപെടലുകളെ നയിക്കേണ്ട അടിസ്ഥാന സമീപനം, ലക്ഷ്യങ്ങൾ, വിഭവസ്രോതസ് എന്നിവ കണക്കിലെടുത്ത് പദ്ധതി വർഷത്തേക്കുള്ള കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ, സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഇത് അടിസ്ഥാനമാക്കിയാണ് വികസനരേഖ തയ്യാറാക്കേണ്ടതും അത് പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതും. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും പദ്ധതി തയ്യാറാക്കുന്ന വേളയിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2018തീയതി 3.45pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2800 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

2017-18 വർഷം ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ യോഗങ്ങൾ 10 തവണ ചേർന്നിട്ടുണ്ട്. എല്ലാ മാസങ്ങളിലും യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഓർഡർ ബുക്ക് എഴുതി സൂക്ഷിക്കുകയും ചുമതലാ വിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രധാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഭരണ സമിതി മിനിട്സ് 12/17 വരെ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ഭരണസമിതി മിനുട്സ് യഥാസമയം തയ്യാറാക്കുന്നതിലുള്ള വീഴ്ച ഗൗരവമായി കാണേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതുമാണ്. 1-04-17 മുതൽ 31-12-17 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-08-2018 മുതൽ 30-08-2018 വരെ | 20-11-2017 മുതൽ 31-03-2018 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-2018 മുതൽ 07-072018 വരെ | 2016-17 & 2017-18 | 13-08-2018 |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

1.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.RP-4,RP-5,Sale &Hire Charges,RP-6 Receipts From Transfered Institutions, RP-10 Other Income എന്നിവയുടെ വരവിനങ്ങളുടെ റജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

3.Liabilities in respect of Stale Cheque ഇനത്തിൽ RP 36 ൽ വരവ്-ചെലവ് ഉൾപ്പെടുന്ന ഷെഡ്യൂളുകളിലായി യഥാക്രമം 12209023, 2209023 വീതം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.സംയുക്ത പ്രൊജക്ട് ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതത്തിൻെറ ചെലവ് തുക വാർഷിക ധനകാര്യ പത്രികയും ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.Capital Work in progress ൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7.വാട്ടർ അതോറിറ്റിക്ക് നൽകിയ അഡ്വാൻസ് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ഈ വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

8.ഇൻവെസ്റ്റ്മെന്റ് ഇനത്തിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രികയിലെ ബി-12 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-11 പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). എന്നാൽ ജില്ലാ പഞ്ചായത്തിൽ മേൽനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി ഓഡിറ്റ് വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നടീൽ വസ്തുക്കളുടെ വില്പന- പിരിഞ്ഞുകിട്ടാനുള്ളത് -1.43 കോടി രൂപ

കണ്ണൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ നിന്ന് വിവിധ സ്ഥാപനങ്ങൾക്ക് വിത്തുകൾ, തൈകൾ എന്നിവ നൽകിയിട്ടുണ്ട്. ഫാമുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2017-18 വരെയുള്ള കാലയളവിൽ നടീൽ വസ്തുക്കൾ നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് തുക ലഭിക്കാനുണ്ട്. ലഭിക്കേണ്ട തുക 1.43 കോടി രൂപ ഓഡിറ്റ് തീയ്യതി വരെയും പിരിച്ചെടുത്തിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം,കാങ്കോൽ

| ക്രമനം | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2013-14 | 388654 |
| 2 | 2014-15 | 429790 |
| 3 | 2015-16 | 115645 |
| 4 | 2016-17 | 617640 |
| 5 | 2017-18 | 434223 |
| ആകെ | | 1985952 |

ജില്ലാകൃഷിത്തോട്ടം,കരിമ്പം തളിപ്പറമ്പ

| ക്രമനം | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2016-17 | 1577428 |
| 2 | 2017-18 | 6842677 |
| ആകെ | | 8420105 രൂപ |

സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട്

| ക്രമനം | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2012-13 | 341400 |
| 2 | 2013-14 | 194600 |
| 3 | 2014-15 | 247200 |
| 4 | 2015-16 | 17959 |
| 5 | 2016-17 | 132700 |

| | | |
|---|---|---|
| 6 | 2017-18 | 7404 |
| ആകെ | | 941263 രൂപ |

കോക്കനട്ട് നഴ്സറി ,പാലയാട്

| ക്രമനം | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2015-16 | 68150 |
| 2 | 2016-17 | 17500 |
| 3 | 2017-18 | 2885636 |
| ആകെ | | 2971286 രൂപ |

ഫാം റവന്യൂ യഥാസമയം ലഭിക്കുന്നുവെന്ന് ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. 2017-18 വർഷത്തെ ജില്ലാപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ ഇപ്രകാരം കിട്ടാനുള്ള തുക ഉൾപ്പെടുത്തിയിട്ടില്ല. റവന്യൂ പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചമൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നതിന് ഉത്തരവാദി ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ആണ്. ഓരോ സാമ്പത്തികവർഷത്തിലും ലഭിക്കുവാൻ ബാക്കിയുള്ള തുക സംബന്ധിച്ച റിപ്പോർട്ട് ഫാം അധികൃതർ ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്. ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 കാർഷിക പരമ്പരാഗതവ്യവസായ ഉല്പന്ന പ്രദർശന വിപണനമേള-വരവ് തുക നേരിട്ട് വിനിയോഗം നടത്തിയത് ക്രമവിരുദ്ധം

ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2017-18 വർഷം വിവിധ ഉത്സവ വേളകളിൽ പോലീസ് മൈതാനിയിൽ വെച്ച് കാർഷിക പരമ്പരാഗത വ്യവസായ ഉല്പന്ന പ്രദർശന വിപണനമേള നടത്തിയിട്ടുണ്ട്. പ്രസ്തുത മേളയിൽ സ്റ്റാൾ വാടക ഇനത്തിൽ ലഭിച്ച വരുമാനത്തിൽ നിന്നും ചെലവ് കഴിച്ച് ബാക്കി തുകയാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| മേള നടന്ന തീയതി | വരവ് വന്ന തുക | ഒടുക്കിയ തുക | ഒടുക്കിയ തീയതി | വരവിൽ നിന്ന് നേരിട്ട് ചെലവഴിച്ച തുക |
|---|---|---|---|---|
| 31-03-2017മുതൽ 14-04-2017 വരെ | 184000 | 115059 | 12-04-2017 | 68941 |
| 19-08-2017മുതൽ 03-09-2017 വരെ | 227000 | 155300 | 03-09-2017 | 71700 |
| 20-12-2017 31-12-2017 | 116000 | 61200 | 01-01-2018 | 54800 |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 19 ലെ(2),(3) എന്നിവ പ്രകാരം ലഭിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അക്കൗണ്ടിലോ, ദേശസാത്കൃത ബാങ്ക് അക്കൗണ്ടിലോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം പിരിച്ചെടുത്ത തുക

തൊട്ടടുത്ത പ്രവൃത്തി ദിവസം ഒടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കാർഷിക പരമ്പരാഗത വ്യവസായ ഉല്പന്ന പ്രദർശന വിപണനമേള എല്ലാ വർഷവും ജില്ലാ പഞ്ചായത്ത് നടത്തി വരുന്നതാണ്. ആയതിനാൽ മേൽ പറഞ്ഞ ചെലവുകൾ അപ്രതീക്ഷിത ചെലവുകളല്ല. മാത്രമല്ല തുക നേരിട്ട് ചെലവഴിക്കുന്നതിന് പ്രത്യേക സർക്കാർ അനുമതിയൊന്നും ലഭ്യമാക്കിയിട്ടുമില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും സമാന പരാമർശം നടത്തിയിട്ടുണ്ടെങ്കിലും അപാകം ആവർത്തിക്കുന്നത് ശരിയായ പ്രവണതയല്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

തുടർ വർഷങ്ങളിൽ ഇത്തരം അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 2-3 സ്കൂൾ വളപ്പിലെ കശുമാവിൽ നിന്നുള്ള ആദായം-യഥാസമയം ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കുന്നില്ല.

പടിയൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ വളപ്പിലെ കശുമാവിൽ നിന്നുമുള്ള ആദായം എടുക്കുന്നതിനായി 2014-15, 2015-16 വർഷങ്ങളിലേക്ക് നടന്ന ലേല തുക യഥാസമയം ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കിയിട്ടില്ല. 2014-15, 2015-16 വർഷങ്ങളിലെ വരവ് തുക യഥാക്രമം 5000, 3400 എന്നിവ രശീതി നമ്പർ 117150100184 തീയതി 11-08-2017 ൽ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. തുക ഒടുക്കാൻ കാലതാമസമുണ്ടായതിന് കാരണം വ്യക്തമാക്കാണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ വർഷങ്ങളിലെ ലേല തുക ജില്ലാപഞ്ചായത്തിലൊടുക്കുന്നതിന് കണ്ണൂർ വിദ്യഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസമാണെന്ന് അറിയിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലെ ലേല തുകയും ജില്ലാപഞ്ചായത്തിലൊടുക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 19 ലെ (2), (3) എന്നിവ പ്രകാരം ലഭിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അക്കൗണ്ടിലോ, ദേശസാത്കൃത ബാങ്ക് അക്കൗണ്ടിലോ, സർക്കാർ നിർദേശിക്കുന്ന മറ്റ് ബാങ്ക് അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരവും കളക്ഷൻ തുക സമയബന്ധിതമായി ഒടുക്കാൻ നിർദേശിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള വരവുകൾ യഥാസമയം ഒടുക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

## 2-4 ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികൾക്ക് വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

(എ)ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ല:

ജില്ലാപഞ്ചായത്തിന്റെ കോമ്പൗണ്ടിലുള്ള വികസനകേന്ദ്രത്തിലെ മുറികൾ വാടകയ്ക്ക് നൽകുകയും പ്രസ്തുതസ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 256 പ്രകാരവും 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരവും ബൈലോ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം വാങ്ങിച്ച ബൈലോ പ്രകാരമല്ല വാടക ഈടാക്കി വരുന്നത്. ഹാജരാക്കിയ ബൈലോ 28-10-2013 ന് 117/2013(4) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചതും എന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം വാങ്ങിക്കാത്തതുമാണ്. നിലവിൽ ജില്ലാപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മുഴുവനും പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയുടേതാണ്. ഭരണസമിതി അംഗീകരിച്ച ബൈലോയിൽ പരാമർശിച്ച 30 വ്യവസ്ഥകളും മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ബാധകമാകുന്നമില്ല. ആയതിനാൽ ഈ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ പരിഷ്കരിച്ച് അർഹമായ അധികാരസ്ഥാനങ്ങളിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

(ബി)വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല:

താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള വാടക ഈടാക്കാതെ കുടിശ്ശികയായിട്ടുണ്ട്.

| സ്ഥാപനം | മാസം | കുടിശ്ശിക തുക |
|---|---|---|

| | | |
|---|---|---|
| എസ് ബി ഐ | October-2015 | 146723 |
| | November-2015 | 146723 |
| | December-2015 | 146723 |
| | january2016 | 146723 |
| | February-2016 | 146723 |
| | March-2016 | 146723 |
| | April-2016 | 146723 |
| | May-2016 | 146723 |
| | June-2016 | 146723 |
| | July-2016 | 146723 |
| ആകെ | | 1467230 |
| കഫേശ്രീ | July-2015 | 35505 |
| | August-2015 | 35505 |
| | September-2015 | 35505 |
| | 2017-18 വർഷം | 274040 |
| ആകെ | | 380555 |
| ആകെ മൊത്തം | | 1847785/- |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 1847785/- രൂപ വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 സയൻസ് പാർക്ക് -പിരിവ് തുക ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കുന്നതിൽ കാലതാമസം

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സയൻസ് പാർക്കിലെ ദൈനംദിന പിരിവുകൾ, പിരിവ് നടത്തി ഏറെ വൈകി മാത്രമാണ് ജില്ലാപഞ്ചായത്ത് ഫണ്ടിലൊടുക്കി വരുന്നത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| പിരിവ് കാലയളവ് | തുക | തുക ജില്ലാപഞ്ചായത്തിലൊടുക്കിയ തീയതി |
|---|---|---|
| 08-04-2017 മുതൽ 15-04-2017 വരെ | 7060 | 30-05-2017 |
| 16-04-2017 മുതൽ 29-04-2017 വരെ | 12630 | 25-05-2017 |
| 21-07-2017 മുതൽ 01-08-2017 വരെ | 8220 | 10-08-2017 |
| 24-12-2017മുതൽ01-01-2018 വരെ | 12235 | 17-01-2018 |
| 02-01-2018മുതൽ 08-01-2018 വരെ | 12720 | 22-01-2018 |

ഓരോ ദിവസത്തേയും പിരിവ് തുക അടുത്ത പ്രവൃത്തി ദിവസം തന്നെ ജില്ലാപഞ്ചായത്തിൽ അടവാക്കി എന്ന്

ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മേനോൻ കുന്ന് സാംസ്കാരിക നിലയത്തിൽ ഫർണ്ണിച്ചർ,കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 38200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - ജില്ലാ പട്ടികജാതി വികസന ഓഫീസർ,

പ്രോജക്ട് നമ്പർ : 66/18

പ്രോജക്ടിന്റെ പേര് : മേനോൻ കുന്ന് സാംസ്കാരിക നിലയത്തിൽ ഫർണ്ണിച്ചർ,കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ :39612 വികസന ഫണ്ട് (എസ്.സി.പി.)

ബിൽ നം./ തീയതി :5/ DP/ 16-17/ 28.6.17 38200 രൂപ

മേൽ തുക ചെലവഴിച്ച് കെൽട്രോൺ കണ്ണൂരിൽ നിന്ന് ഇൻവോയ്സ് 1022/30-03-2017 പ്രകാരം കമ്പ്യൂട്ടറും യു പി എസും വാങ്ങി. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1.വാങ്ങിയ കമ്പ്യൂട്ടറും യു പി എസും സ്റ്റോക്കിലെടുത്തതിന്റേയോ കൈപ്പറ്റിയതിന്റേയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് (1) ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം സാംസ്കാരിക നിലയങ്ങളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ പ്രസ്തുത കാര്യത്തിനായി ജില്ല പഞ്ചായത്തിൽനിന്നും ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്.

ഇത് കൂടാതെ 2016-17 വർഷത്തിൽ 60388 രൂപയുടെ ഫർണ്ണിച്ചറുകൾ കൂടി മേൽ സാംസ്കാരിക നിലയത്തിന് വാങ്ങി നൽകിയിട്ടുണ്ട്. (2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-24 കാണുക) മേൽകാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം പദ്ധതികൾ ഏറ്റെടുത്തത് എന്ന് വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക 38200/- രൂപ തടസ്സപ്പെടുത്തുന്നു.

### 3-2 ജില്ലാപഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 14,81,394 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ടിന്റെ പേര് - ജില്ലാപഞ്ചായത്ത് പുതിയ വാഹനം വാങ്ങൽ

പ്രോജക്ട് നമ്പർ - 07/2018

അടങ്കൽ -30,00,000 ( തനത് ഫണ്ട്)

വൗച്ചർ നമ്പർ - 21700575/16-09-2017 12,32,041/-

വൗച്ചർ നമ്പർ - 21700599/20-09-2017 58,324/-

വൗച്ചർ നമ്പർ - 21700608/27-09-2017 49,990/-

വൗച്ചർ നമ്പർ - 21700609/28-09-2017 1,26,065/-

വൗച്ചർ നമ്പർ - 21700737/ 08-11-2017 14,974/-

ആകെ 14,81,394/-

ജി.ഒ.(ആർ.ടി.) 2528/2012/ത.സ്വ.ഭ.വ. തീയതി 06-09-2012 പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10,00,000 (പത്ത് ലക്ഷം രൂപയായി ) നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 30-06-2017 ലെ 69/17(2) തീരുമാന പ്രകാരം 1232041/- രൂപയുടെ ടൊയോട്ട ഇന്നോവ ക്രിസ്റ്റ

വാഹനം Government e Marketplce മുഖാന്തിരം വാങ്ങുകയുണ്ടായി. വാഹനത്തിന്റെ രജിസ്ട്രേഷൻ,(126065/-) ഇൻഷൂറൻസ്, (58324/-) അസസറീസ് (64,964/-) എന്നിവ ഉൾപ്പടെ വാഹനം വാങ്ങുന്നതിന് 14,81,394/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിയിലും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/15-02-2018) മറുപടിയായി പ്രസിഡന്റിന് ദീർഘദൂര യാത്രക്ക് ഉപയോഗിക്കുന്നതിന് അനുയോജ്യമായ വാഹനമെന്ന നിലക്കാണ് ടി വാഹനം വാങ്ങിയതെന്നും നടപടിക്ക് സാധൂകരണം ലഭിക്കുന്നതിനായി സർക്കാറിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ മേൽപറഞ്ഞ സർക്കാർ അനുമതി ലഭിക്കുന്നതിന് മുമ്പ് അധിക തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. ലഭിച്ച മറുപടി തൃപ്തികരമല്ല.

ജി.ഒ.(പി) 264/2004/ത.സ്വ.ഭ.വ. തീയതി.13-08-2004 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 3 വാഹനം മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു കൂടുതൽ വാഹനങ്ങൾ ഉള്ള സ്ഥാപനം അവ ലേലം ചെയ്ത് വില്ക്കുകയോ, ഗവൺമെന്റ് അനുമതിയോടുകൂടി മറ്റ് സ്ഥാപനങ്ങൾക്കോ, ഓഫീസുകൾക്കോ കൈമാറുകയോ ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് നിസ്സാൻ സണ്ണി കാറും, വൈസ് പ്രസിഡന്റിന് ബോലേറോ ജീപ്പും, സെക്രട്ടറിക്ക് അംബാസിഡർ കാറും ഔദ്യോഗിക വാഹനമായി ഉണ്ടായിരിക്കെ സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ, സർക്കാർ അനുമതിയില്ലാതെ പുതിയ വാഹനം വാങ്ങിയത് ശരിയായ നടപടിയല്ല. ജി.ഒ.(ആർ.ടി) 637/2012 ത.സ്വ.ഭ.വ തീയതി 01-03-2012 പ്രകാരം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാരുടെ ഔദ്യോഗിക യാത്രകൾക്ക് വാഹനം വാങ്ങുന്നതിന് ഉത്തരവുള്ളതിനാൽ ജില്ലാ പഞ്ചായത്തിന് 4 വാഹനം അനുവദനീയമാണെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (01-11-2018 ലെ എച്ച്- 1751/2018 നമ്പർ കത്ത്). പ്രസ്തുത ഉത്തരവിൽ പരാമർശിച്ച ഉത്തരവ് ജി.ഒ.(ആർ.ടി.) 425/2012/ത.സ്വ.ഭ.വ. തീയതി. 10-02-2012 പ്രകാരം പഞ്ചായത്തിൽ ലഭ്യമായ വാഹനങ്ങളിൽ ഒന്ന് വൈസ് പ്രസിഡന്റിന്റെ ഉപയോഗത്തിന് അനുവദിക്കാവുന്ന താണെന്നാണ് വ്യക്തമാക്കിയത്. നിലവിൽ ജില്ലാ പഞ്ചായത്തിന് 4 വാഹനം വാങ്ങാമെന്നുള്ള ഉത്തരവ് ഇല്ലാതിരിക്കെ വാഹനം വാങ്ങിയ നടപടി ശരിയല്ല. മേൽ കാരണങ്ങളാൽ ഈ ഇനത്തിൽ ചെലവഴിച്ച 14,81,394 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സർക്കാർ നിർദ്ദേശം പാലിക്കാതെ ഷീ ടോയ് ലറ്റ് വാർഷിക മെയിന്റനൻസ് കരാർ നൽകി - 375600/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നമ്പർ - 445/2018
അടങ്കൽ -5,76,000 ( വികസനഫണ്ട് ജനറൽ)
ബിൽ നമ്പർ - 36/01-11-2017 3,75,600

പ്രോജക്ട് പ്രകാരം ഷീ ടോയ് ലറ്റ് വാർഷിക മെയിന്റനൻസ് കരാർ പ്രകാരം ഇറാം സയന്റിഫിക്ക് സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്, വഴുതക്കാട് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് (ഷീ ടോയ് ലറ്റ് എൽ.സി.എസ്. മോഡൽ 2 എണ്ണം@3500/unit/ month=84,000 ,സ്കൂൾ മോഡൽ 27 എണ്ണം 900 /unit/ month 2,91,600) 3,75,600 രൂപ നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ. തീയതി 08-11-2010 പ്രകാരം 100000 രൂപയ്ക്ക് മുകളിൽ വരുന്ന സേവനങ്ങൾ സമാഹരിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കണം. ആയത് പാലിക്കാതെയാണ് ഇറാം സയന്റിഫിക്ക് സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്, വഴുതക്കാട് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് കരാർ നല്കിയത്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സ്ത്രീ സൗഹൃദ ടോയ് ലറ്റുകളുടെ പരിപാലനത്തിനും സേവനത്തിനും അവയുടെ നിർമ്മാതാക്കളായ ഇറാം സയന്റിഫിക്ക് സൊല്യൂഷ്യൻസിനാണ് പൂർണ്ണ അധികാരം നല്കിയതെന്ന് മെറ്റൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ അറിയിച്ചതിനാലാണ് ടെണ്ടർ നടപടികളൊന്നും കൂടാതെ കരാറിൽ ഏർപ്പെട്ടതെന്നാണ് അറിയിച്ചത്. സർക്കാർ നിർദ്ദേശം ഇല്ലാതെയും ടെണ്ടർ നടപടികളൊന്നും കൂടാതേയും ഇറാം സയന്റിഫിക്ക് സൊല്യൂഷ്യൻസിന് തുക അനുവദിച്ചത് ശരിയല്ല.

2-ജി.ഒ.(പി)177/2006 തീയതി 12-04-2006 പ്രകാരം മുൻകൂർ നല്കുന്നതിന് അനുമതി നല്കിയ ഇനങ്ങളിൽ വാർഷിക മെയിന്റനൻസ് കരാർ ഉൾപ്പടുന്നില്ല. അനുമതിയില്ലാത്ത ഇനങ്ങളിൽ മുൻകൂർ നല്കിയത് ക്രമവിരുദ്ധമാണ്.

3-ഷീ ടോയ് ലറ്റ് വാർഷിക മെയിന്റനൻസ് കരാർ ഇറാം സയന്റിഫിക്ക് സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്, വഴതക്കാട് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നല്കിയത് ടോയ് ലറ്റ് സ്ഥാപിച്ച സ്ഥാപനങ്ങളെ, സ്കൂളുകളെ രേഖാമൂലം അറിയിച്ചിട്ടില്ല.

4- കരാറിൽ ഉൾപ്പെട്ട സ്കൂളുകളുടെ വിവരം കരാറിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 10/15-02-2018-ന് മറുപടിയായി ഷീടോയ് ലറ്റുകളുടെ വാർഷിക മെയിന്റനൻസ് കരാർ ഇറാം സയന്റിഫിക്കറ്റ് സൊല്യൂഷനെ എൽപ്പിച്ച വിവരം വാക്കാൽ സ്കൂളുകളെ അറിയിച്ചിട്ടുണ്ട് എന്നാണ് വ്യക്തമാക്കിയത്.

മേൽ അപാകങ്ങൾ കാരണം 3,75,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സ്കൂളുകളിലെ വനിതാ വിശ്രമ മുറിയിൽ ഫർണിച്ചർ വാങ്ങൽ അപാകങ്ങൾ - 12,127 രൂപ നിരാകരിക്കുന്നു. 985443 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ജില്ലാ വനിതാക്ഷേമ ഓഫീസർ

പ്രോജക്ടിന്റെ പേര് - സ്കൂളുകളിലെ വനിതാ വിശ്രമ മുറിയിൽ ഫർണിച്ചർ

പ്രോജക്ട് നമ്പർ - 643/2018

അടങ്കൽ -10,00,000 ( വികസന ഫണ്ട്)

ബിൽ നമ്പർ01/06-11-2017തുക - 9,97,570/

പ്രോജക്ട് പ്രകാരം സ്കൂളുകളിലെ വനിതാ വിശ്രമ മുറിയിൽ ഫർണിച്ചർ വാങ്ങുന്നതിന് 9,97,570 രൂപ കേരള റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ) കണ്ണൂരിന് നല്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1-ജി.ഒ.(പി)177/2006 തീയതി 12-04-2006 പ്രകാരം മുൻകൂർ നല്കുന്നതിന് അനുമതി നല്കിയ ഇനങ്ങളിൽ ഫർണിച്ചർ വാങ്ങൽ ഉൾപ്പെടുന്നില്ല. അനുമതിയില്ലാത്ത ഇനങ്ങളിൽ മുൻകൂർ നല്കിയത് ക്രമവിരുദ്ധമാണ്.

2- ഫർണിച്ചർ നാളിതുവരെ (07-02-2018) സ്കൂളുകളിൽ ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 04/07-02-2018) മറുപടിയായി ഫർണിച്ചറുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കുക മാത്രമാണ് ചെയ്തത്.

3- റബ്കോ തുക കൈപ്പറ്റിയതിന്റെ രശീത് ഹാജരാക്കിയിട്ടില്ല.

4- ജി.ഒ.(ആർ.ടി)36/2014/SPD തീയതി 24-06-2014 പ്രകാരം കിടക്കയുടെ (മോഡൽ നമ്പർ 9.30 PM 75x36x4) വില excluding duties and taxes 2073.87 രൂപയാണ്. എന്നാൽ താഴെ പറയും പ്രകാരം 12,127 രൂപ അധികം അനുവദിക്കുകയുണ്ടായി.

| | നിരക്ക് +18% നികുതി | ആകെ | എണ്ണം |
|---|---|---|---|
| അനുവദിച്ച തുക | 2440.94+439.37=2880.31 | 80648 | 28 |
| അനുവദിക്കാവുന്നതുക | 2073.87+373.30=2447.17 | 68521 | 28 |
| അധികം നല്കിയത് | | 12,127 | |

മേൽ അപാകങ്ങൾ കാരണം 9,85,443 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികം അനുവദിച്ച തുക 12,127രൂപ തിരികെ ഈടാക്കേണ്ടതും, ഫർണിച്ചറുകൾ സ്കൂളുകളിൽ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 അപ്പാരൽ പാർക്കിന് നൽകിയ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ -മാറ്റി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷം വിവിധ അപ്പാരൽ പാർക്കുകൾക്ക് യന്ത്രോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 60/2018, 61/2018 കുടുംബശ്രീ അപ്പാരൽ യൂണിറ്റുകളുടെ വികസനത്തിനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി താഴെ കൊടുത്ത പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥൻ | ജില്ലാമിഷൻ കോർഡിനേറ്റർ |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ അപ്പാരൽ യൂണിറ്റുകളുടെ വികസനം |
| പ്രോജക്ട് നമ്പർ | 60/2018 |
| അടങ്കൽ | 2300000 |

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 1/2017-18 /08-01-2018 | 1635000 |

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥൻ | ജില്ലാമിഷൻ കോർഡിനേറ്റർ |
| പ്രോജക്ടിന്റെ പേര് | ചെമ്പിലോട് അപ്പാരൽ പാർക്കിന് മെഷീൻ വാങ്ങൽ |
| പ്രോജക്ട് നമ്പർ | 61/2018 |
| അടങ്കൽ | 1000000 |
| ചെലവ് | 393236 |

ഐ ഐ ജി എം കമ്പനി കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നുമാണ് മെഷീനുകൾ വാങ്ങിച്ചിട്ടുള്ളത് പ്രൊജക്ട് നമ്പർ 60/2018 പ്രകാരം വാങ്ങിച്ച 12 മെഷീനുകൾ ചൊക്ലി അപ്പാരൽ പാർക്ക്, മയ്യിൽ അപ്പാരൽ പാർക്ക്, കുറ്റ്യാട്ടൂർ അപ്പാരൽ പാർക്ക് , ആറളം ഗ്രാമശ്രീ അപ്പാരൽ പാർക്ക്, ചെമ്പിലോട് അപ്പാരൽ പാർക്ക് (പ്രൊജക്ട് നമ്പർ 61/2018) എന്നീ യൂണിറ്റുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

മയ്യിൽ അപ്പാരൽ പാർക്കിന് ലഭിച്ച ത്രിപ്പിൾ നീഡിൽ (1),ഡബിൾ നീഡിൽ(1)അയേൺ ബോയിലർ (1) എന്നിവയിൽ ത്രിപ്പിൾ നീഡിൽ,അയേൺ ബോയിലർ എന്നിവ ലഭിച്ച സമയത്ത് തന്നെ പ്രവർത്തന രഹിതമാണെന്ന് പ്രസ്തുത സ്ഥാപനം അറിയിച്ചിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം സപ്ലൈ ചെയ്ത ഉപകരണങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്തത് ഐ ഐ ജി എം കമ്പനി കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും മാറ്റി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 3-6 സ്ത്രീ സൗഹൃദ കേന്ദ്രം(സീതാലയം)-പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല - 299231/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, ജില്ല ഹോമിയോ ആശുപത്രി കണ്ണൂർ
പ്രോജക്റ്റ് നമ്പർ-s0064/18(സീതാലയം-സ്ത്രീ സൗഹൃദ കേന്ദ്രം)
അടങ്കൽ-6,00,000 /രൂ.(വികസന ഫണ്ട്)
ചെലവ്-2,99,231/
ബിൽ നമ്പർ (1)01/17-18/31.8.17 96000/

(2)02/17-18/27.9.17 101195/
(3)04/17-18/31.10.17 65036/
(4)05/17-18/12.12.17 37000/
ആകെ 2,99,231/-രൂപ
അശരണരും നിരാലംബരുമായ സ്ത്രീകൾക്ക് പുനരധിവാസവും ആവശ്യമായ നിയമ പരിജ്ഞാനവും സാമൂഹ്യസുരക്ഷയും മാനസിക ശാരീരിക ആരോഗ്യവും ഉറപ്പു വരുത്തുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. റിക്കറിംഗ് എക്സ്പെൻഡിച്ചർ (വേതനം, ഭക്ഷണചെലവ് എന്നിവ) നോൺ റിക്കറിംഗ് എക്സ്പെൻഡിച്ചർ (ഭൗതിക സാഹചര്യം ഒരുക്കൽ, ഉപകരണങ്ങൾ വാങ്ങൽ) എന്നീ ചെലവുകളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.
പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.
1) ജില്ലാ ഹോമിയോപ്പതി ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സർക്കാരിൽ നിന്നും പ്രത്യേക അംഗീകാരം വാങ്ങിയിട്ടില്ല. (ഇക്കാര്യം 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിരുന്നു)
2)പ്രോജക്റ്റിൽ ഉൾപ്പെടുത്തി വാർഡൻ,കുക്ക്, സെക്യൂരിറ്റി എന്നീ തസ്തികകളിൽ ആളെ നിയമിക്കുകയും ഹോണറേറിയം/ ദിവസ വേതനം നൽകുകയും ചെയ്തിട്ടുണ്ട്.എന്നാൽ സ.ഉ(എംഎസ്.)നമ്പർ 80/2017/തസ്വഭവ തീ.03.04.2017 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക 12.2 പ്രകാരം പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നല്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.(ഖണ്ഡികയിൽ പരാമർശിച്ച ഇളവ് ഒഴികെ) ഇപ്രകാരം തുക നൽകുന്നതിന് ഉപോൽബലകമായ ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.
3)സീതാലയം നടത്തുന്നതിനായി ഉപയോഗിക്കുന്ന കെട്ടിടത്തിന് (കെട്ടിട നമ്പർ 5/496, ജൂലായ് 2017 മുതൽ AM/V/491) പ്രതിമാസം 15000/-രൂപ വാടക നല്കുന്നുണ്ട്. എന്നാൽ ക്ഷമതയുള്ള അധികാരി വാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇപ്രകാരം വാടക നൽകുന്നത് ക്രമപ്രകാരമല്ല.
പദ്ധതി നടത്തിപ്പിൽ (മുകളിൽ ചൂണ്ടിക്കാട്ടിയ) അപാകങ്ങൾ ഉള്ളതിനാൽ ഈ ഇനത്തിലുള്ള ചെലവ് 299231/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-7 <u>ബിറ്റുമെൻ കോസ്റ്റ് ഇൻറെക്സ് ഇനത്തിൽ ഈടാക്കിയ തുക സഞ്ചിത നിധിയിൽ ഒടുക്കാത്തത്.</u>

ചീഫ് എഞ്ചിനീയറുടെ 29.03.16 ലെ സർക്കുലർ നമ്പർ ഡി ബി 6/4308/15/സി ഇ/എൽ എസ് ജി ഡി പ്രകാരം ഡി എസ് ആർ 2014 അടിസ്ഥാനമാക്കി തയ്യാറാക്കുന്ന റോഡ് പ്രവൃത്തികളിൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല. ഉത്തരവു തീയതിക്കു മുമ്പു വരെ നടപ്പാക്കിയ പ്രവൃത്തികൾക്ക് ഇതു ബാധകമാക്കേണ്ടതില്ല എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവു തീയതിക്കു ശേഷം എഗ്രിമെൻ്റ് വച്ചതും എസ്റ്റിമേറ്റിൽ കോസ്റ്റ് ഇന്റക്സ് ഉൾപ്പെടുത്തിയതുമായ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ബിറ്റുമിന്റെ കോസ്റ്റ് ഇന്റക്സ് ഇനത്തിൽ ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക അതാത് ബില്ലുകളിൽ നിന്നും കുറവു ചെയ്തതിനു ശേഷമുള്ള തുകയായിരുന്നു ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ടിയിരുന്നതെങ്കിലും മുഴുവൻ തുകയും പിൻവലിച്ച് പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തിയ ശേഷം അധികമായി പിൻവലിച്ച തുക അതാത് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കാതെ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയാണ് ചെയ്തത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതി | ബിൽ നമ്പർ തീയതി തുക | കരാറുകാരൻ | കോസ്റ്റ് ഇന്റക്സ് ഇനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | 118/2018 | ചമ്പോളി മുക്ക് പാലയാട് | 31/20-06-2017, 967,756/- | പിക്കോസ് | 67433 |

| | | | | | |
|---|---|---|---|---|---|
| | | താഴെ പുനത്തിൽ മുക്ക് റോഡ് താറിംഗ്. | | | |

67,433 രൂപ തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ജില്ല കൃഷിത്തോട്ടം തളിപ്പറമ്പ് -താല്ക്കാലിക നിയമന ക്രമപ്രകാരമല്ല

ജില്ല പഞ്ചായത്തിന്റെ അധീനതയിലുള്ള തളിപ്പറമ്പിലെ ജില്ല കൃഷിത്തോട്ടത്തിൽ വിവിധ തസ്തികകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട് (ഉദാ: ഹെൽപ്പർ കം ഇലക്ട്രീഷ്യൻ, പ്രൊഡക്ഷൻ സൂപ്പർ വൈസർ,ടിഷ്യൂകൾച്ചർ ടെക്നീഷ്യൻ). ജില്ലപഞ്ചായത്തു ഭരണ സമിതിയുടെ തീരുമാനപ്രകാരം ഇവർക്കു കൺസോളിഡേറ്റ് പേ, ദിവസ വേതനം എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട് (തനതു ഫണ്ട്). എന്നാൽ വർക്ക് സ്റ്റഡി നടത്തി ആവശ്യകത കണക്കാക്കിയതിനു ശേഷമാണോ ജീവനക്കാരെ നിയമിച്ചിരിക്കുന്നതെന്നും ഈ തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.20/24.02.2018) മറുപടിയിൽ മേൽ തസ്തികകളുടെ ആവശ്യകത സംബന്ധിച്ച് അഗ്രി ബയോടെക് നോളജി ഡിവിഷൻ മോണിറ്ററിംഗ് സമിതിയിൽ ചർച്ചചെയ്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്. വർക്ക് സ്റ്റഡി നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ അംഗീകാരം വാങ്ങുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 സയൻസ് ഫെസ്റ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് : 815/18 സയൻസ് ഫെസ്റ്റ്

അടങ്കൽ : ഒരു കോടി ( വികസന ഫണ്ട് )

ചെലവ് : 12,03,688/-

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

കണ്ണൂർ ജില്ലാ പഞ്ചായത്ത് സയൻസ് പാർക്കിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച്, വടക്കൻ കേരളത്തിലെ ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന് 'അഖിലേന്ത്യാ സയൻസ് ഫെസ്റ്റ്' സംഘടിപ്പിക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. ആദ്യഘട്ടത്തിൽ, 40 ലക്ഷം രൂപ അടങ്കലിൽ 2017-18 ൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട പ്രോജക്ട് പിന്നീട് റിവൈസ് ചെയ്യുകയും ഒരു കോടി രൂപ അടങ്കലിൽ 2017-18, 2018-19 വർഷങ്ങളിൽ നടപ്പാക്കുന്ന ബഹുവർഷ പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു. ISRO, BARC, വനം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട അമ്പതോളം സ്റ്റാളുകളും പവലിയനുകളും ഒരുക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 2018 ഫെബ്രുവരിയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ച മേൽ പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാനായില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം 12 ലക്ഷം രൂപ ചെലവിൽ കണ്ണൂർ ചെമ്പേരിയിലെ 'ഡിജി കോൺഫിഗ് ടെക്നോളജി സൊല്യൂഷൻസ് എന്ന സ്ഥാപനം ഏതാനും ചില പ്രദർശന വസ്തുക്കൾ നിർമ്മിച്ചതു മാത്രമാണ് നടന്ന പ്രവർത്തനം. 2018 – ആഗസ്റ്റ് മാസം ഉണ്ടായ പ്രളയക്കെടുതിയെ തുടർന്ന്, സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്ന മേളകളും ഫെസ്റ്റുകളും ഒഴിവാക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സയൻസ് ഫെസ്റ്റ് നടത്തേണ്ടതില്ലെന്ന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. അതിനാൽ, ഇതിനകം തയ്യാറാക്കപ്പെട്ട പ്രദർശന വസ്തുക്കൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമായ രീതിയിൽ സയൻസ് പാർക്കിൽ പ്രദർശിപ്പിക്കുന്നതാണെന്ന് ജില്ലാപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 തൊഴിൽ പരിശീലനം - പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം - 2,58,750/- രൂപ നിരാകരിക്കുന്നു. 1,37,671/- രൂപ തടസ്സപ്പെടുത്തുന്നു.

1) പ്രോജക്ട് : 74/18 ഗാർമെന്റ് മെഷിനറി പരിശീലനം (വനിത), മാതമംഗലം
അടങ്കൽ : 7,50,000/- (വികസന ഫണ്ട്)
ചെലവ് : 2,08,040/-
ബിൽ നം. : 8/17-18/24.03.2018
നിർവ്വഹണോദ്യോഗസ്ഥൻ : മാനേജർ, ജില്ലാ വ്യവസായകേന്ദ്രം, കണ്ണൂർ
2) പ്രോജക്ട് : 72/18 ഗാർമെന്റ് മെഷിനറി പരിശീലനം (വനിത), കണ്ണൂർ
അടങ്കൽ : 7,50,000/- (വികസന ഫണ്ട്)
ചെലവ് : 1,88,381/-
ബിൽ നം. : 7/17-18/24.03.2018
നിർവ്വഹണോദ്യോഗസ്ഥൻ : മാനേജർ, ജില്ലാ വ്യവസായകേന്ദ്രം, കണ്ണൂർ
മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.തൊഴിൽ പരിശീലനങ്ങൾ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്. ഇത്തരം പരിശീലനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ചുമതലയല്ല.(ജി.ഒ (എം.എസ്. 72/2017/ത.സ്വ.ഭ.വ. തീ.29.03.2017 ഖ.12.5.3 കാണുക)
2.പരിശീലനാർത്ഥികൾക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല. എന്നാൽ 2,58,750/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത് ക്രമവിരുദ്ധമാണ്. (ആകെ 69 പേർ x 75/- x 50 ദിവസം)
3.പരിശീലനച്ചെലവിന്റെ 10 ശതമാനം തുക പരിശീലനാർത്ഥിയുടെ വിഹിതമായി പ്രോജക്ടിൽ വകയിരുത്തേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.
4.ഓരോ പ്രോജക്ടിലും 40 പേർ വീതമുള്ള മൂന്നു ബാച്ചുകൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഓരോ ബാച്ചിനു മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്.
5.പരിശീലനത്തിൽ പങ്കാളികളായവരുടെ ഹാജർ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
6.ഗ്രാമസഭ അംഗീകരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിരിക്കേ പത്രപരസ്യം വഴിയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ക്രമനമ്പർ ഒന്നിലെ പ്രോജക്ടിൽ 40 പേരിൽ 26 പേർ പത്രപരസ്യം വഴി തെരഞ്ഞെടുത്തവരാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ശരിയല്ല.
7.മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.
8.പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ഇല്ല.
9.പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ ലഭ്യമാക്കാൻ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യാത്രാബത്തയിനത്തിൽ നൽകിയ തുകതിരികെ ഈടാക്കേണ്ടതും മറ്റു അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 57/17-18 തീ. 31.10.2018)

മേൽ കാരണങ്ങളാൽ 258750/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 137671/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-11 ആവശ്യകത പരിശോധിക്കാതെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെയും ദീർഘവീക്ഷണമില്ലാതെയും പ്രോജക്ട് നടപ്പാക്കി - ലക്ഷക്കണക്കിന് രൂപയുടെ പാഴ്ച്ചെലവ്

1)പ്രോജക്ട് : 70/2018 വയോജനങ്ങളുടെ ക്ഷേമം

അടങ്കൽ : 99,08,500/- ( വികസന ഫണ്ട്)

ചെലവ് : 50,81,036 /-

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ സാമൂഹ്യനീതി ഓഫീസർ

| ക്രമ നം | ബിൽ നം. | തുക |
|---|---|---|
| 1 | 13/17-18/01-07-2017 | 18,90,088 |
| 2 | 19/17-18/28-03-2018 | 31,90,948 |

| | | |
|---|---|---|
| | ആകെ | 50,81,036 രൂപ |

മേൽ പ്രോജക്ട് പ്രകാരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ 38 വയോജന/പകൽ വിശ്രമ കേന്ദ്രങ്ങൾക്ക് താഴെ പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | ഉപകരണം | ആകെ വില | എണ്ണം |
|---|---|---|---|
| 1 | എൽ ഇ ഡി ടിവി | 6,51,000 | 31 |
| 2 | ട്രഡ് മിൽ | 9,48,240 | 36 |
| 3 | സ്റ്റെബിലൈസർ | 58,900 | 31 |
| 4 | എക്സർസൈസിംഗ് സൈക്കിൾ | 4,40,640 | 36 |
| 5 | ഈസി ചെയർ | 8,64,320 | 148 |
| 6 | കാരംബോർഡ് | 1,33,940 | 37 |
| 7 | ചെസ് ബോർഡ് | 45,510 | 37 |
| 8 | വേയിംഗ് മെഷീൻ | 33,120 | 36 |
| 9 | മഗ്ഗ് | 662 | 72 |
| 10 | ബക്കറ്റ് | 9,504 | 72 |
| 11 | സ്റ്റീൽ ടംബ്ലർ | 5,112 | 360 |
| ആകെ | | 31,90,948 | |

മേൽ പട്ടികയിൽ വിവരിച്ചത് കൂടാതെ 18,90,088/- രൂപയ്ക്ക് എയർ ബെഡുകൾ,ഹോട്ട് വാട്ടർ ബാഗ്,വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയ ഇനങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

വിതരണം ചെയ്ത സാധനങ്ങളുടെയും ഉപകരണങ്ങളുടെയും നിലവിലെ സ്ഥിതി നേരിട്ട് പരിശോധിക്കുന്നിതിനായി 29.10.2018-ന് ചില കേന്ദ്രങ്ങൾ സന്ദർശിക്കുകയുണ്ടായി. പാട്യം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കൊട്ടയോടി, എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പനോന്നേരി എന്നീ കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്. കൊട്ടയോടിയിലെ വയോജന കേന്ദ്രത്തിന് നൽകിയ ഉപകരണങ്ങൾ (പട്ടികയിലെ 11 ഉപകരണങ്ങൾ കൂടാതെ എയർബെഡ്, വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയവ) ഉപയോഗിക്കാതെ ഒരു ചെറിയ മുറിയിൽ സൂക്ഷിച്ചിരിക്കയാണ്. പനോന്നേരി കേന്ദ്രത്തിലെ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും ആയത് വയോജനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. ഓരോ സ്ഥാപനത്തിലും ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങളാണ് പ്രയോജനമില്ലാതെ കിടക്കുന്നത്. ആവശ്യകത പരിശോധിക്കാതെയും ദീർഘവീക്ഷണമില്ലാതെയും ഇത്തരത്തിൽ പ്രൊജക്ട് നടപ്പിലാക്കിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 49/17-18 തീ. 29.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 ആവശ്യമായ പഠനം നടത്താതെ പ്രോജക്ട് നടപ്പാക്കി - 75 ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നു

പ്രോജക്ട് : 782/2018 പൊതുശൗചാലയം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം
അടങ്കൽ : 75,00,000/- ( വികസനഫണ്ട് ജനറൽ)
ബിൽ നമ്പർ : 57/18-01-2018 18,75,000/-
58/30-01-2018 56,25,000/-
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

മുഴപ്പിലങ്ങാട്, കൊട്ടിയൂർ, കരിവെള്ളൂർ പെരളം, കുറുമാത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശൗചാലയം പണിയുന്നതിന് തയ്യാറാക്കിയ സംയുക്ത പ്രൊജക്ടാണിത്. നാല് പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 18,75,000 രൂപ വീതം 75,00,000 അനുവദിച്ചിട്ടുണ്ട്.

ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 25-09-2017 ലെ എം.3350/2017 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ

ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടിന്റെ പകർപ്പ്, പൊതുശൗചാലയം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതാണോ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നതു സംബന്ധിച്ച് പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് എന്നിവ സഹിതം ജില്ലാപഞ്ചായത്ത് വിഹിതം അനുവദിക്കുവാനുള്ള അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഇതിൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മാത്രമാണ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം ഹാജരാക്കിയത്. മുഴപ്പിലങ്ങാട്, കരിവെള്ളൂർ പെരളം, കുറുമാത്തൂർ എന്നീ പഞ്ചായത്തുകൾ സംയുക്തപ്രോജക്ടിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയത്.

ഇതിൽ താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ്.

1.ജി.ഒ.(എം.എസ്.) 72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017 ഖണ്ഡിക 6-5 (2) പ്രകാരം സംയുക്തപ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കാരാറുടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്ത് ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

2.ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കേണ്ടത്. ഇത് പാലിച്ചിട്ടില്ല.

മേൽ വിവരങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/26.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും ശൗചാലയം നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **3-13** ശ്മശാനങ്ങളുടെ നിർമ്മാണത്തിന് ധനസഹായം **-** നിഷ്ക്രിയമായി കിടക്കുന്നത് **1.96** കോടി രൂപ **- 2017-18-**ൽ ചെലവഴിച്ച **1.32** കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**.**

1) പ്രോജക്ട് : 38/18 ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം - ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം

അടങ്കൽ : 16,00,000/- (വികസന ഫണ്ട് )

ചെലവ് : 16,00,000/-

ബിൽ നം. : 855/17-18/20.02.2018

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

2) പ്രോജക്ട് : 641/18 ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം

അടങ്കൽ : 1,16,00,000/- (വികസന ഫണ്ട് )

ചെലവ് : 1,16,00,000/-

ബിൽ നം. : 832/17-18/14.02.2018 (58,00,000/-)

: 856/17-18/20.02.2018 (19,00,000/-)

: 966/17-18/23.03.2018 (39,00,000/-)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ജില്ലയിലെ വിവിധ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം മേൽ വിവരിച്ച പ്രകാരം 1.32 കോടി രൂപ ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. (പ്രോ.നം. 38/18 പ്രകാരം 16,00,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല) മുൻവർഷങ്ങളിലേതുൾപ്പെടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ത.സ്വ.ഭ. സ്ഥാപനത്തിന്റെ പേര് | വർഷം | | നൽകിയ തുക ആകെ | റിമാർക്സ് |
|---|---|---|---|---|---|
| | | 2016-17 | 2017-18 | | |

| | | | | | |
|---|---|---|---|---|---|
| 1 | തില്ലങ്കേരി ഗ്രാ.പ | 12,00,000 | 0 | 12,00,000 | |
| 2 | മൊകേരി ഗ്രാ.പ | 12,00,000 | 10,00,000 | 22,00,000 | |
| 3 | രാമന്തളി ഗ്രാ.പ | 12,00,000 | 0 | 12,00,000 | |
| 4 | ചെങ്ങളായി ഗ്രാ.പ | 16,00,000 | 0 | 16,00,000 | |
| 5 | എടക്കാട് ബ്ലോ.പ | 12,00,000 | 0 | 12,00,000 | |
| 6 | എരുവേശ്ശി ഗ്രാ.പ | 0 | 39,00,000 | 39,00,000 | |
| 7 | ചെറുതാഴം ഗ്രാ.പ | 0 | 25,00,000 | 25,00,000 | |
| 8 | പിണറായി ഗ്രാ.പ | 0 | 10,00,000 | 10,00,000 | |
| 9 | കടമ്പൂർ ഗ്രാ.പ | 0 | 10,00,000 | 10,00,000 | |
| 10 | മുഴക്കുന്ന് ഗ്രാ.പ | 0 | 3,00,000 | 3,00,000 | |
| 11 | ഉളിക്കൽ ഗ്രാ.പ | 0 | 19,00,000 | 19,00,000 | |
| 12 | വിവരം ലഭ്യമല്ല * | | | 16,00,000* | |
| | ആകെ | | 64,00,000 | 1,32,00,000 | |

*പ്രോജക്ട് നമ്പർ 38/18 പ്രകാരം നൽകിയ 16,00,000/- രൂപയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

1.ശ്മശാനങ്ങളുടെ നിർമ്മാണവും പരിപാലനവും ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ട്.

2.ത.സ്വ.ഭ സ്ഥാപനങ്ങൾ വിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3.വിഹിതം കൈപ്പറ്റിയ സ്ഥാപനങ്ങൾ നാളിതുവരെയായി പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

4.സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുമ്പോൾ സ്ഥാപനങ്ങളുമായി കരാർ വെക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

5.പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ത.സ്വ.ഭ സ്ഥാപനങ്ങളുമായി ചർച്ചകളോ ആശയവിനിമയോ നടത്തിയതായി രേഖകളിൽ കാണുന്നില്ല.
ചെലവിന് ആവശ്യാനുസരണം മാത്രമായി പിൻവലിക്കേണ്ട വികസന ഫണ്ട് ഇത്തരത്തിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം ഗുരുതരമായ സാമ്പത്തിക അച്ചടക്കരാഹിത്യമായി കാണാവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. മേൽ കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/17-18 തീ.25.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-14 ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ - അപാകങ്ങൾ - 53,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് : 623/18 ജല സംരക്ഷണ പ്രവർത്തനങ്ങൾ - കുളം നിർമ്മാണവും നവീകരണവും

അടങ്കൽ : 53,50,000/- (വികസന ഫണ്ട് )

ചെലവ് : 53,30,000/-

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ജില്ലയിലെ വിവിധ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളിൽ കുളം നിർമ്മാണത്തിനും നവീകരണത്തിനുമായി 2017-18 സാമ്പത്തിക വർഷം മേൽ വിവരിച്ച പ്രകാരം 53.3 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ത.സ്വ.ഭ. സ്ഥാപനത്തിന്റെ പേര് | നൽകിയ തുക | ബിൽ നം | റിമാർക്സ് |
|---|---|---|---|---|
| 1 | ചിറക്കൽ ഗ്രാ.പ. | 4,00,000 | 561/17-18 /08.11.2017 | |
| 2 | വേങ്ങാട് ഗ്രാ.പ. | 4,00,000 | 618/17-18 /25.11.2017 | |
| 3 | പന്ന്യന്നൂർ ഗ്രാ.പ. | 5,00,000 | 619/17-18 /25.11.2017 | |
| 4 | പയ്യാവൂർ ഗ്രാ.പ. | 4,00,000 | 694/17-18 /23.12.2017 | |
| 5 | കരിവെള്ളൂർ പെരളം ഗ്രാ.പ. | 4,00,000 | 695/17-18 /23.12.2017 | |
| 6 | കണ്ണൂർ ബ്ലോ.പ. | 10,00,000 | 924/17-18 /09.03.2018 | |
| 7 | മാങ്ങാട്ടിടം ഗ്രാ.പ. | 4,00,000 | ,, | |
| 8 | പായം ഗ്രാ.പ. | 5,00,000 | ,, | |
| 9 | പരിയാരം ഗ്രാ.പ. | 5,00,000 | ,, | |
| 10 | ചെമ്പിലോട് ഗ്രാ.പ. | 4,80,000 | 926/17-18 /09.03.2018 | |
| 11 | കുന്നോത്തുപറമ്പ ഗ്രാ.പ. | 3,50,000 | 965/17-18 /26.03.2018 | |
| | ആകെ | 53,30,000 | | |

ഇതു സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1.തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

2.ത.സ്വ.ഭ സ്ഥാപനങ്ങൾ വിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3.വിഹിതം കൈപ്പറ്റിയ സ്ഥാപനങ്ങൾ നാളിതുവരെയായി പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

4.സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുമ്പോൾ സ്ഥാപനങ്ങളുമായി കരാർ വെക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

5.പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ത.സ്വ.ഭ സ്ഥാപനങ്ങളുമായി ചർച്ചകളോ ആശയവിനിമയോ നടത്തിയതായി രേഖകളിൽ കാണുന്നില്ല.
53,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-15 ക്യാൻസർ ഡിറ്റക്ഷൻ വിഭാഗം ശക്തിപ്പെടുത്തൽ - ആസൂത്രണത്തിൽ വീഴ്ച

പ്രോജക്ട് : 717/18 കണ്ണൂർ ജില്ലയിൽ ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പ്

അടങ്കൽ : 5 ലക്ഷം ( വികസന ഫണ്ട് )

ചെലവ് : 163194/- (ബിൽ നം.23/17-18/28.03.2018)

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

കണ്ണൂർ ജില്ലയിൽ കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രിയിലെ കാൻസർ ഡിറ്റക്ഷൻ വിഭാഗം ശക്തിപ്പെടുത്തുന്നതിനായാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. അഞ്ചു ലക്ഷം രൂപ അടങ്കൽ കണക്കാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല, പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് ആശുപത്രി സൂപ്രണ്ടിനോട് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുള്ളത്. പ്രോജക്ടിന്റെ ആസൂത്രണത്തിലെ പിഴവാണ് ഇത് കാണിക്കുന്നത്. ആകെ 1,63,194/ രൂപയുടെ യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ആണ് ആശുപത്രി സൂപ്രണ്ട് സമർപ്പിച്ചത്. ഇതിൽ തന്നെ KMSCL ലഭ്യമാക്കേണ്ട 70939/- രൂപയുടെ ഓവർ ബെഡ് ടേബിൾ (8 എണ്ണം) ഇതുവരെ ലഭ്യമായിട്ടുമില്ല.

മേൽ അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതും 70939/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-16 പാലിയേറ്റീവ് കെയർ പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് : 713/18 ഗ്രാമ പഞ്ചായത്തുകളുടെ സാന്ത്വന പരിചരണ പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചാ. വിഹിതം നൽകൽ

അടങ്കൽ : 1.2 കോടി ( വികസന ഫണ്ട് )

ചെലവ് : 48,70,000/-

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

വിവിധ ഗ്രാമ പഞ്ചായത്തുകളുടെ സാന്ത്വന പരിചരണ പ്രോജക്ടുകൾക്ക് താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നം. | തുക |
|---|---|---|
| 1 | 03/17-18/26.10.2017 | 12,20,000 |
| 2 | 07/17-18/15.11.2017 | 9,50,000 |
| 3 | 08/17-18/16.01.2018 | 9,00,000 |
| 4 | 13/17-18/22.01.2018 | 6,50,000 |
| 5 | 15/17-18/22.02.2018 | 5,50,000 |
| 6 | 21/17-18/16.03.2018 | 6,00,000 |

| | | |
|---|---|---|
| | ആകെ | 48,70,000 |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-17 നിർമ്മാണ പ്രവൃത്തികൾക്ക് വിഹിതം കൈമാറുമ്പോൾ സ്ഥാപനവുമായി കരാർ ഉണ്ടാക്കുന്നില്ല

പ്രോജക്റ്റ് : 805/18 അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ നവീകരണം - മാട്ടൂൽ ഗ്രാമ പഞ്ചായത്തിന് ധനസഹായം

അടങ്കൽ : 10,10,000/- വികസന ഫണ്ട്

ചെലവ് : 10,00,000/- (ബിൽ നം.06/17-18/26.02.2018)

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ പട്ടികജാതി വികസന ഓഫീസർ

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്കായി അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ നവീകരിക്കുന്നതിന് തയ്യാറാക്കിയ സംയുക്ത പ്രോജക്റ്റാണിത്. ആകെ 10,10,000/- രൂപ അടങ്കലുള്ള പ്രോജക്റ്റിൽ 10,00,000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 10,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ആണ്. ജില്ലാ പഞ്ചായത്ത് വിഹിതം 2018 ഫെബ്രുവരി മാസം തന്നെ കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. (ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീയതി: 29.03.2017 കാണുക). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/17-18 തീ. 22.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 ഗ്രാമ പഞ്ചായത്തുകളിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് നൽകിയ ധനസഹായം - വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്റ്റ് : 793/18 പട്ടികജാതിക്കാർക്കായുള്ള കേന്ദ്രീകൃത സാങ്കേതിക

തൊഴിൽ പരിശീലന കേന്ദ്രം - ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം

ചെലവ് : 1,99,08,956/- (വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ പട്ടികജാതി വികസന ഓഫീസർ

മേൽ പ്രോജക്റ്റിന്റെ ഭാഗമായി തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുമായി കരാർ ഉണ്ടാക്കുകയോ കേന്ദ്രങ്ങൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ബിൽ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|---|
| 1 | 05/17-18 /26.02.2018 | പരിയാരം | 30,00,000 |
| | ,, | ഏഴോം | 23,88,956 |
| 2 | 02/17-18 /18.01.2018 | വേങ്ങാട് | 30,00,000 |
| | ,, | കതിരൂർ | 30,00,000 |
| 3 | 03/17-18 /18.01.2018 | മുഴപ്പിലങ്ങാട് | 30,00,000 |
| | ,, | കണ്ണപുരം | 15,00,000 |

| | | | |
|---|---|---|---|
| 4 | 04/17-18 /08.02.2018 | കടന്നപ്പള്ളി പാണപ്പുഴ | 10,20,000 |
| 5 | 07/17-18 /08.03.2018 | കരിവെള്ളൂർ പെരളം | 30,00,000 |
| | ആകെ | | 1,99,08,956 |

തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൊഴിൽ പരിശീലനം സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്.

## 3-19 വിവിധ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി - വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല

1)പ്രോജക്ട് : 35/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്
അടങ്കൽ : 1.12 കോടി ( വികസന ഫണ്ട് )
ചെലവ് : 1,11,71,150/-
നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ സാമൂഹ്യനീതി ഓഫീസർ

ജില്ലയിലെ 54 ഗ്രാമ പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല.

| ക്രമ നം | ബിൽ നം. | തുക |
|---|---|---|
| 1 | 01/17-18/24.10.2017 | 26,57,800 |
| 2 | 03/17-18/10.11.2017 | 23,05,675 |
| 3 | 05/17-18/23.12.2017 | 16,02,500 |
| 4 | 08/17-18/18.01.2018 | 18,97,150 |
| 5 | 11/17-18/23.02.2018 | 17,33,025 |
| 6 | 15/17-18/24.03.2018 | 9,75,000 |
| | ആകെ | 1,11,71,150 |

2) പ്രോജക്ട് : 6/18 ബഡ്സ് സ്കൂൾ ധനസഹായം
ചെലവ് : 78,50,000/- (വികസന ഫണ്ട് )
നിർവ്വഹണോദ്യോഗസ്ഥൻ : ജില്ലാ സാമൂഹ്യനീതി ഓഫീസർ

ജില്ലയിലെ 14 ഗ്രാമ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകൾക്കുള്ള ധനസഹായമായി താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിക്ക് (നം.35/17-18 തീ. 24.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം. | തുക |
|---|---|---|
| 1 | 02/17-18/19.09.2017 | 17,00,000 |
| 2 | 06/17-18/23.12.2017 | 24,50,000 |
| 3 | 12/17-18/23.02.2018 | 22,00,000 |
| 4 | 16/17-18/24.03.2018 | 15,00,000 |
| | ആകെ | 78,50,000 |

## 3-20 വയോജന വ്യായാമ കേന്ദ്രനിർമ്മാണം - പദ്ധതി പൂർത്തിയായില്ല

പ്രോജക്റ്റ് : 835/18 വയോജന വ്യായാമ കേന്ദ്രനിർമ്മാണം - കല്ല്യാശ്ശേരി ഗ്രാമ

പഞ്ചായത്തിന് ധനസഹായം

അടങ്കൽ : 24,90,000/- വികസന ഫണ്ട്

ചെലവ് : 24,90,000/- (ബിൽ നം.972/17-18/23.03.2018)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ വയോജന വ്യായാമ കേന്ദ്രം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ സംയുക്ത പ്രോജക്റ്റാണിത്. ആകെ 25 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്റ്റിൽ 24,90,000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 10,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ആണ്. ജില്ലാ പഞ്ചായത്ത് വിഹിതം 2018 മാർച്ച് മാസത്തിലാണ് കൈമാറിയത്. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചിട്ടുമില്ല. (ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീയതി: 29.03.2017 കാണുക). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/17-18 തീ. 3.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-21 എസ്.ടി.കോളനികളിലെ വയോജനങ്ങൾക്ക് മെഡിക്കൽക്യാമ്പ്-പദ്ധതി നിർവ്വഹണം സുതാര്യമല്ല - 1856903/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ - 624/2018

അടങ്കൽ -20,00,000/-(ടി. എസ്.പി)

ബിൽ നമ്പർ,/തീയ്യതി /തുക-1)1/17-18,തീ.21-02-18- 17,00,000/-

2)2/17-18 തീ. 22-03-18- 1,56,903/-

ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം)

എസ്. ടി.കോളനികളിലെ 60 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി 17,00,000 രൂപ ചെലവഴിച്ച് ഔഷധി , പാട്യം സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. മരുന്നുകൾ വിതരണം നടത്തുന്നതിനായി അതാത് ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ഡിസ്പെൻസറികളിലെത്തിക്കുകയും അതാത് മെഡിക്കൽ ഓഫീസർമാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ക്യാമ്പ് നടത്തിയതിൻെറ ചെലവിലേക്കായി 1,56,903 രൂപ മെഡിക്കൽ ഓഫീസർമാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ എവിടെ വെച്ചാണ് ക്യാമ്പ് നടത്തിയത്? എത്ര പേർ പങ്കെടുത്തു? എത്രപേർക്ക് മരുന്നുകൾ ലഭ്യമാക്കി, ലഭ്യമാക്കിയ മരുന്നുകൾ മുഴുവനായും വിതരണം നടത്തിയോ എന്നീ വിവരങ്ങൾ പരിശോധിക്കാനാധാരമായ രേഖകൾ,സ്റ്റോക്ക് റജിസ്റ്റർ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നം.3/3-10-18) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ മോണിറ്ററിംഗിൻെറ അഭാവത്തിൽ ലക്ഷക്കണക്കിനു വില വരുന്ന മരുന്നുകൾ യഥാർഥ ഗുണഭോക്താക്കൾക്കു തന്നെയാണോ വിതരണം നടത്തിയത് എന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.ഇക്കാരണത്താൽ ചെലഴിച്ച തുക 1856903 രൂപ തടസപ്പെടുത്തുന്നു. മുഴുവൻ രേഖകളും പരിശോധനാ വിധേയമാക്കേണ്ടതാണ്. ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം പദ്ധതികൾ പോലും ശരിയായി നിർവ്വഹണം നടത്തി എന്ന് ബോധ്യപ്പെടുത്താൻ ഉത്തരവാദപ്പെട്ടവർക്ക് സാധിക്കുന്നില്ല എന്നത് ഗൗരവമായി കാണുന്നു.

## 3-22 കാക്കത്തുരുത്തി കുടിവെള്ള പദ്ധതി കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റിന്റെ പേര് - കാക്കത്തുരുത്തി കുടിവെള്ള പദ്ധതി നാറാത്ത് ഗ്രാമ പഞ്ചായത്ത്

പ്രോജക്ട് നമ്പർ - 355/2018

അടങ്കൽ -10,00,000 ( വികസന ഫണ്ട് എസ്.സി.പി)

നിർവ്വഹണം- കെ.ഡബ്ല്യൂ.എ.ഡബ്ല്യൂ.എസ്.ഡിവിഷൻ. കണ്ണൂർ

ബിൽ നമ്പർ 225/27-02-2018 915000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് പ്രകാരം കാക്കത്തുരുത്തി കുടിവെള്ള പദ്ധതിക്ക് വേണ്ടി 9,15,000/- രൂപ മുൻകൂറായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡബ്ല്യൂ.എ.ഡബ്ല്യൂ.എസ്.ഡിവിഷൻ, കണ്ണൂരിന്റെ എക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/29.10.2018) മറുപടി നൽകിയിട്ടില്ല.

## **3-23** ചൂട്ടാട് പുതിയവളപ്പ് കോളനി കുടിവെള്ള തുക കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് - ചൂട്ടാട് പുതിയ വളപ്പ് കോളനി കുടിവെള്ള പദ്ധതി മാടായി ഗ്രാമ പഞ്ചായത്ത്

പ്രോജക്ട് നമ്പർ - 358/2018

അടങ്കൽ -8,00,000 ( വികസന ഫണ്ട് എസ്.സി.പി)

നിർവ്വഹണം- കെ.ഡബ്ല്യൂ.എ.ഡബ്ല്യൂ.എസ്.ഡിവിഷൻ തളിപറമ്പ

ബിൽ നമ്പർ 78/30-06-2017 750000/-

നിർവ്വഹണോദ്യോഗസ്ഥൻ-എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് പ്രകാരം ചൂട്ടാട് പുതിയ വളപ്പ് കോളനി കുടിവെള്ള പദ്ധതിക്ക് വേണ്ടി 750000/-രൂപ മുൻകൂറായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡബ്ല്യൂ.എ.ഡബ്ല്യൂ.എസ്.ഡിവിഷൻ, തളിപറമ്പയുടെ എക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക കൈപ്പറ്റ് രശീത്, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 52/30.10.18) മറുപടി ലഭിച്ചിട്ടില്ല.

## **3-24** ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കെട്ടിടങ്ങളുടെ ആസ്തിവികസനത്തിന് തുക ചെലവ് ചെയ്തത് ക്രമപ്രകാരമല്ല - 2930894/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്.) 72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ആമുഖം 1.5(2) പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്3,4,5 പട്ടികകൾ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം അതാത് തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആവിഷ്കരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഗണിക്കാതെ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത വിവിധ കെട്ടിടങ്ങളുടെ ആസ്തി വികസനത്തിനായി തുക ചെലവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

(എ)പെരളശ്ശേരിയിലുള്ള ഖാദി ബോർഡിന്റെ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണം ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - പെരളശ്ശേരിയിലുള്ള ഖാദി ബോർഡിന്റെ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണം

പ്രോജക്ട് നമ്പർ - 709/2018

അടങ്കൽ -25,00,000 ( വികസന ഫണ്ട് ജനറൽ)

കരറുകാരൻ- ആഷിഖ്. കെ.പി

ബിൽ നമ്പർ 299/31-03-2018 / 8,75,593/- രൂപ

പ്രോജക്ട് പ്രകാരം പെരളശ്ശേരിയിലുള്ള ഖാദി ബോർഡിന്റെ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണത്തിന് പാർട്ട് ബില്ലായി 875593/- രൂപ ചെലവുചെയ്തിട്ടുണ്ട്. ഖാദി ബോർഡ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളതോ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലോ ഉൾപ്പെടുന്നില്ല. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1- ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥലത്താണോ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതെന്ന് വ്യക്തമല്ല. ഉടമസ്ഥാവകാശം,കെട്ടിട നിർമ്മാണ പെർമിറ്റ് എന്നിവ ആരുടെ പേരിലാണെന്നും വ്യക്തമല്ല. .

2- പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും, പ്രോജക്ടിന്റെ ലക്ഷ്യം എന്താണെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.53/30-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ബി)കോളയാട് മോഡൽ വിദ്യാകേന്ദ്രം വികസനം -

പ്രോജക്ടിന്റെ പേര് - കോളയാട് മോഡൽ വിദ്യാകേന്ദ്രം വികസനം കോളയാട് ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ - 345/2018

അടങ്കൽ -3,00,000 ( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം )

കരറുകാരൻ- അഭിലാഷ് മൈക്കിൾ

ബിൽ നമ്പർ 99/29-07-2017 235145/-

പ്രോജക്ട് പ്രകാരം കോളയാട് മോഡൽ വിദ്യാകേന്ദ്രം വികസനത്തിനായി 235145/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

1- മോഡൽ വിദ്യാകേന്ദ്രം പ്രവർത്തിക്കുന്നത് ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുമായി ബന്ധപ്പെട്ടാണോയെന്ന് വ്യക്തമാക്കിയിട്ടില്ല. മോഡൽ വിദ്യാകേന്ദ്രം ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമാണോയെന്നും ഉടമസ്ഥാവകാശം ജില്ലാ പഞ്ചാത്തിനാണോയെന്നും വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.54/30-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(സി)വെളിമാനം പ്രീമെട്രിക്ക് ഗേൾസ് ഹോസ്റ്റൽ ആറളം ഗ്രാമപഞ്ചായത്ത്

പ്രോജക്ടിന്റെ പേര് - വെളിമാനം പ്രീമെട്രിക്ക് ഗേൾസ് ഹോസ്റ്റൽ ആറളം ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ - 365/2018

അടങ്കൽ -20,00,000 ( വികസനഫണ്ട് ടി.എസ്.പി. )

കരറുകാരൻ- മനോജ് സേവ്യർ

ബിൽ നമ്പർ 215/19-02-2018 1820156/-

വെളിമാനം പ്രീമെട്രിക്ക് ഗേൾസ് ഹോസ്റ്റൽ ഒന്നാം നില വികസനമാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. നാല് കിടപ്പുമുറി, ഒരു പഠനമുറി, പാസ്സേജ്, സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 വകുപ്പ് 1 പട്ടിക 4 പ്രകാരം പ്രീമെട്രിക്ക് ഹോസ്റ്റൽ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ട പ്രവൃത്തി ജില്ലാപഞ്ചായത്ത് നടത്തിയതിന് വിശദീകരണം നല്കിയിട്ടില്ല.ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.56/31-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അവ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ടതാണോയെന്നും, അല്ലെങ്കിൽ സർക്കാർ പ്രത്യേക ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയതാണോയെന്നും പരിശോധിക്കേണ്ടതാണ്. ഇതിന്

പുറമെയുള്ള ചെലവുകൾ ചെയ്യുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ്തുക 2930894 രൂപ തടസ്സപ്പെടുത്തുന്നു.

## 3-25 എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാതമംഗലത്തെ ബ്രഡ് നിർമ്മാണ യൂണിറ്റ്, ധാന്യം പൊടിക്കുന്ന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 20 ലക്ഷത്തിലധികം രൂപ നിഷ്ക്രിയമായി കിടക്കുന്നു.

പ്രോജക്ടിന്റെ പേര് - മാതമംഗലത്തെ ബ്രഡ് നിർമ്മാണ യൂണിറ്റ് വൈദ്യുതീകരണം എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ - 315/2018

അടങ്കൽ -5,00,000 ( വികസനഫണ്ട് )

കരറുകാരൻ- മധുസൂദനൻ

ബിൽ നമ്പർ 247/28-02-2018 223409/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ മാതമംഗലത്ത് ബ്രഡ് നിർമ്മാണ യൂണിറ്റ്, 1791219 രൂപ ചെലവ് ചെയ്ത് ധാന്യം പൊടിക്കുന്ന യൂണിറ്റ് എന്നിവ 2015 ൽ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി തൻവർഷം 223409 രൂപ ചെലവഴിച്ചിട്ടുണ്ട്.

കെട്ടിടനിർമ്മാണം നടത്തിയ സ്ഥലം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണോയെന്നും നടത്തിപ്പ് ചുമതല ആർക്കാണെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.55/31-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്രഡ് നിർമ്മാണ യൂണിറ്റ്, ധാന്യം പൊടിക്കുന്ന യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, നടത്തിപ്പ് ചുമതല ഇവയിൽ വ്യക്തത വരുത്തേണ്ടതും ബ്രഡ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-26 വാണിയപ്പാറ എസ്.സി.കോളനി കുടിവെള്ള പദ്ധതി സാമൂഹ്യ ഭൂപടം ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് - വാണിയപ്പാറ എസ്.സി.കോളനി കുടിവെള്ള പദ്ധതി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ - 336/2018

കരാറുകാരൻ - ജയ്സൻ ജോസഫ്

അടങ്കൽ-1000000/-(വികസന ഫണ്ട് എസ്.സി.പി)

ബിൽ നമ്പർ 193/19-01-2018 824869/-

എം ബുക്ക് നമ്പർ 93/20117-18

പി.എ.സി. 844452/-

നിർവ്വഹണ ഉദ്യോഗസ്ഥർ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ വാണിയപ്പാറ എസ്.സി.കോളനിയിലെ കുടിവെള്ള പദ്ധതിയുടൈ പുനരുദ്ധാരണമാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത് കുടിവെള്ളപദ്ധതി പ്രോജക്ട് തയ്യാറാക്കുമ്പോൾ 50% ൽ അധികം പട്ടികജാതി വിഭാഗമാണെങ്കിൽ മാത്രമാണ് പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നത്. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടം തയ്യാറാക്കേണ്ടതും ഭൂപടത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ

ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ഹാജരാക്കണം എന്നുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. (പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്.) 72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ഖണ്ഡിക 13 കാണുക). (ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.58/31-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) സാമൂഹ്യ ഭൂപടം,ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-27 പൂതുശ്ശേരിതട്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം - ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് - പൂതുശ്ശേരിതട്ട് കുടിവെള്ള പദ്ധതി

പ്രോജക്ട് നമ്പർ - 363/2018

കരാറുകാരൻ - പി.ബാബു

അടങ്കൽ -500000 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ 306/31-03-2018 321243/-

എം ബുക്ക് നമ്പർ 108/2017-18

പി.എ.സി. 403686/-

നിർവ്വഹണ ഉദ്യോഗസ്ഥർ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

പായം പഞ്ചായത്തിലെ പൂതുശ്ശേരിതട്ട് കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണിയാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്.) 72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ഖണ്ഡിക 12.7.5 പ്രകാരം എല്ലാ കുടിവെള്ള പദ്ധതിക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കണമെന്ന വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യാതൊരു ഗുണഭോക്തൃവിഹിതം വകയിരുത്താതെയാണ് പ്രോജക്ട് തയ്യാറാക്കിയതും നടപ്പിലാക്കിയതും. പദ്ധതി മാർഗ്ഗരേഖക്ക് അനുസൃതമല്ലാതെ പ്രോജക്ട് തയ്യാറാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്. (ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.59/31-10-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.). നിശ്ചിത % ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇങ്ങിനെ വരാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-28 ജന്റിൽ വുമൺ പദ്ധതി - അടിസ്ഥാന സൗകര്യം ഒരുക്കാതെ പദ്ധതി നടപ്പിലാക്കി

പ്രോജക്ടിന്റെ പേര് - ജന്റിൽ വുമൺ

പ്രോജക്ട് നമ്പർ - 682/2018

അടങ്കൽ -10,00,000 ( വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ 2/07-03-2018 799824/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ വനിതാ ക്ഷേമ ഓഫീസർ

രാത്രികാലങ്ങളിൽ ജില്ലയിൽ എത്തിച്ചേരുന്ന വനിതകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനും, വനിതാ സുരക്ഷ അവബോധ പരിപാടികൾക്കുമായി 20ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിന്റെ രണ്ടാം നിലയിൽ 11 പേർക്ക് താമസസൗകര്യം (8പേർക്ക് പ്രത്യേക ക്യാബിൻ തിരിച്ചും മറ്റുള്ളവർക്ക് ഡോർമെറ്ററിയും) ഒരുക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പിന്നീട് പുതുക്കുകയും അടങ്കൽ 10 ലക്ഷമായി ചുരുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 799824/- രൂപയുടെ പ്രവൃത്തികൾ/വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും വനിതകൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് സാധിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1- പദ്ധതിയുടെ ഭാഗമായി 149550 രൂപയുടെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ [എയർകണ്ടീഷണർ, (3 എണ്ണം), ഫാൻ (5എണ്ണം)] വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(ആർ.ടി) 259/10ത.സ്വ.ഭ.വ തീയതി. 08.11.2010 പ്രകാരം 100000 ന് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികളിലൂടെ നടത്തേണ്ടതാണ്. എന്നാൽ ക്വട്ടേഷൻനടപടികളിലൂടെയാണ് വാങ്ങലുകൾ നടത്തിയത്

2- ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ ചാർജായി 4500/- രൂപ മുൻകൂർ ആയി അനുവദിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. നിലവിലുള്ള ഇലക്ട്രിക്ക് വയറിംഗ് ഉപയോഗിച്ച് എയർകണ്ടീഷണർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാലാണ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സ്ഥാപിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കൂടാതെ റൂമിൽ വായുസഞ്ചാരം ക്രമീകരിക്കുകയും ചെയ്തിട്ടില്ല.

3 – താമസസൗകര്യം ഒരുക്കുന്നതിന് വാങ്ങിയ വൂളൻ ബ്ലാങ്കറ്റ് (11 എണ്ണം), ടെറി ടൗവൽ (11 എണ്ണം), ബെഡ് ഷീറ്റ്, പില്ലോകവർ ക്ലോത്ത് (42 എണ്ണം), കിടക്ക, തലയണ (11 എണ്ണംവീതം),എന്നിവ ഉപയോഗപ്രദമാക്കുന്നവിധത്തിൽ അടുക്കി സൂക്ഷിക്കാത്തതിനാൽ ആകെ പൊടിപിടിച്ചുകിടക്കുകയാണ്.

കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയതിന് ശേഷം വാങ്ങേണ്ട ഉപകരണങ്ങൾ അതിന് മുന്നേ വാങ്ങിയതിനാൽ അവ ഉപയോഗശൂന്യമാകാൻ ഇടയുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രോജക്ട് എത്രയും പെട്ടെന്ന യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. പദ്ധതി 2018 നവംബർ മാസത്തിൽ ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി.

## 3-29 കാങ്കോൽ സീഡ് ഫാം സൗന്ദര്യ വല്ക്കരണം(പ്രോ.നം.s0067/18)-ഇൻകം ടാക്സ് കിഴിവുചെയ്യാതെ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു

സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ്ഫാം, കാങ്കോൽ, നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. 15ലക്ഷം രൂപ അടങ്കൽ (തനതു ഫണ്ട്) നിശ്ചയിച്ച് നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ച മേൽ പ്രവൃത്തിയുടെ നടത്തിപ്പിനായി അടങ്കലിന്റെ 20% (3 ലക്ഷം രൂപ) തുക മൊബിലൈസേഷൻ അഡ്വാൻസായി അനുവദിക്കുവാൻ തലശ്ശേരി സബ്കലക്ടർ KNR/1699/2017 Dt.Nil പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിൽ നിന്നും ഇൻകം ടാക്സ് ഇനത്തിൽ 2% തുക (6000/രൂ.) കഴിച്ച് ബാക്കി അനുവദിച്ചാൽ മതിയെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇൻകം ടാക്സ് ഇനത്തിലുള്ള തുക കിഴിവുചെയ്യാതെ 3 ലക്ഷം രൂപയും നിർമ്മിതിക്ക് അനുവദിച്ചിരിക്കുന്നു(നിർമ്മിതിയുടെ കൈപ്പറ്റ് രശീതി നം.3524/29.3.2018). ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/17-18 തീ.22.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-30 സ്റ്റേറ്റ് സീഡ് ഫാം പാലയാട് -ഓഫീസ് കെട്ടിടത്തിൽ സൗരോർജ്ജ വൈദ്യുതീകരണവും സോളാർ സ്ട്രീറ്റ് സ്ഥാപിക്കലും(soo37/18)-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

10 KW സോളാർ പവർ പ്ലാന്റും 2 സോളാർ സ്ട്രീറ്റ് ലൈറ്റും സ്ഥാപിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയരക്ടർ,സ്റ്റേറ്റ് സീഡ് ഫാം പാലയാട് നിർവഹണം നടത്തിയ പദ്ധതിയാണിത്. 10 ലക്ഷം രൂപ (തനതു ഫണ്ട്) അടങ്കൽ നിശ്ചയിച്ച മേൽ പ്രോജക്റ്റിന്റെ നിർവഹണത്തിനായി 998691/ രൂ. തിരുവനന്തപുരം കെൽട്രോണിന് അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതി പൂർത്തീകരിച്ചതായി കണ്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.16/17-18 തീ.11.10.18) ലഭിച്ച മറുപടിയിൽ(കൃഷി അസിസ്റ്റന്റ് ഡയരക്ടർ,സ്റ്റേറ്റ് സീഡ് ഫാം പാലയാടിന്റെ 15.10.18ലെ സി.എൻ.പി 27/18-19 നമ്പർ കത്ത് )സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ പ്രവർത്തനം ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി ഒരു പ്രത്യേക മീറ്റർ സ്ഥാപിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം (2017-18) അവസാനിച്ച് മാസങ്ങൾ കഴിഞ്ഞും പദ്ധതി ലക്ഷ്യത്തിലെത്താത്ത കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മോണിറ്ററിംഗ് ശക്തമാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 3-31 സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജില്ലാ വെറ്റിനറി കേന്ദ്രത്തിന് ക്വാർട്ടേഴ്സ് നിർമ്മിച്ചത് ക്രമവിരുദ്ധം - ചെലവ് തുക 1494230 രൂപ തടസപ്പെടുത്തുന്നു.

55 ലക്ഷം രൂപ അടങ്കലിൽ 2013-14 ൽ അംഗീകാരം ലഭിച്ച ബഹുവർഷ പദ്ധതിയാണ് ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം. പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി 2017-18 വർഷം താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ജില്ലാ വെറ്റിനറി കേന്ദ്രം ഡോക്ടേഴ്സ് ക്വർട്ടേഴ്സ് നിർമ്മാണം-പൂർത്തീകരണം |
| പ്രൊജക്ട് നമ്പർ | 92/2018 |
| ബിൽ നമ്പർ/തീയതി-തുക | 02/2017-18 തീയതി 09-01-2018/-1494230 |
| ഏജൻസി | നിർമ്മിതി കേന്ദ്രം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |

പ്രോജക്ട് പ്രകാരമുള്ള ഓരോ വർഷത്തെയും അടങ്കലും ചെലവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | അടങ്കൽ (വികസന ഫണ്ട് ജനറൽ) | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 2013-14 | 13,00,000 | 11,00,000 | ആകെ അടങ്കൽ ₹ 55 ലക്ഷം |
| 2 | 2014-15 | 42,00,000 | - | |
| 3 | 2015-16 | 34,10,000 | - | പ്രോജക്ട് ഭേദഗതി ചെയ്തു |
| 4 | 2016-17 | 2,00,000 | 2,00,000 | |
| 5. | 2017-18 | 2594230 | 1494230 | |
| | | ആകെ | 2794230 | |

പ്രവൃത്തിയുടെ നിർവ്വഹണ ചുമതല നിർമ്മിതി കേന്ദ്രത്തിനെയാണ് ഏൽപിച്ചത്. നിർമ്മിതി കേന്ദ്രവുമായി പ്രവൃത്തി സംബന്ധിച്ച് ഏർപ്പെട്ട കരാർ വ്യവസ്ഥപ്രകാരം പ്രവൃത്തി 18 മാസത്തിനുള്ളിൽ പൂർത്തിയാക്കണം. പ്രാഥമിക കരാറിൽ ഏർപ്പെട്ടതിന് ശേഷം നിർമ്മിതി കേന്ദ്രയ്ക്ക് ₹11 ലക്ഷം 24-04-14 ന് മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയുണ്ടായി. പ്രാഥമിക പ്രോജക്ട് പ്രകാരം രണ്ട് നിലകളിലായി 4 ക്വാർട്ടേഴ്സ് ഉള്ള കെട്ടിടം പണിയാനാണ് ലക്ഷ്യമിട്ടത്. ഇതനുസരിച്ച് പ്രോജക്ട് അടങ്കൽ തുകയായ 55 ലക്ഷം രൂപയുടെ 20% തുകയായ 11 ലക്ഷം രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയെങ്കിലും പ്രവൃത്തി നിർവ്വഹിക്കേണ്ടുന്ന സ്ഥലം വിട്ടു നൽകുന്നതിൽ കാലതാമസം ഉണ്ടായി.

ഏതൊരു മരാമത്ത് പ്രവൃത്തിയുടെയും പ്രോജക്ട് തയ്യാറാക്കുന്നതിനു മുൻപ് ബന്ധപ്പെട്ട എഞ്ചിനീയർ പ്രവൃത്തിനിർവ്വഹണം നടത്തേണ്ടുന്ന സ്ഥലം നേരിട്ട് പരിശോധിച്ച് ചെയ്യേണ്ടുന്ന പ്രവൃത്തി സംബന്ധിച്ചുള്ള ആവശ്യകതയും പര്യാപ്തതയും നിർണ്ണയിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കാനും പ്രവൃത്തി ടെണ്ടർ ചെയ്ത കരാറുകാരന് രേഖാമൂലം സ്ഥലം ഏൽപിച്ചു കൊടുക്കാനും. എന്നാൽ ഈ പ്രവൃത്തിയുടെ കരാർ നൽകുന്ന സമയത്തും പ്രവൃത്തി നിർവ്വഹിക്കേണ്ടുന്ന സ്ഥലം പ്രവൃത്തിയുടെ നിർവ്വഹണത്തിന് അനുയോജ്യമായിട്ടില്ല. ആയതിനാൽ 18 മാസങ്ങൾക്ക് ശേഷം മാത്രമാണ് പ്രവൃത്തി ആരംഭിക്കാൻ നിർമ്മിതി കേന്ദ്രത്തിന് സാധിച്ചത്. സ്ഥലം കൈമാറി നൽകുന്നതിന് മുൻപ് നിർമ്മിതി കേന്ദ്രയ്ക്ക് മുൻകൂർ അനുവദിച്ചത് ശരിയായ നടപടിയല്ല. 2014-15 വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം തൽക്കാലം ഒരു ക്വാർട്ടേഴ്സ് മാത്രം നിർമ്മിക്കുന്നതിന് പ്രോജക്ട്

ഭേദഗതി ചെയ്തു. ഇത് പ്രകാരം നിർമ്മിതി കേന്ദ്ര ₹31,75,000 യുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചു. ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നത് 02-11-15 ൽ മാത്രമാണ്.

55ലക്ഷം രൂപ അടങ്കലിൽ നാല് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി 2013-14 ൽ ആരംഭിച്ച മേൽ പദ്ധതി 2016-17 ആയപ്പോൾ ₹38,94,230 ചെലവഴിച്ച് ഒരു ക്വാർട്ടേഴ്സ് മാത്രം നിർമ്മിക്കുകയാണ് ചെയ്തത്. പ്രസ്തുത ക്വാർട്ടേഴ്സിന്റെ നിലവിലെ അവസ്ഥ അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(21/17-10-2018) മറുപടി ഹാജരാക്കിയിട്ടില്ല.

ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന പദ്ധതി പ്രകാരമുള്ള ക്വാർട്ടേഴ്സ് നിർമ്മാണം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടിക ബി (II) പ്രകാരമുള്ള ജില്ലാപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പദ്ധതികളിലും മേൽ പ്രവൃത്തി ഉൾപ്പെടുന്നില്ല. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിൽ ക്വാർട്ടേഴ്സ് നിർമ്മിച്ചിരിക്കുന്നത് സർക്കാർ അനുമതിയില്ലാതെയാണ്. ഇങ്ങനെ ക്വാട്ടേർസ് പണിയാൻ അനുവദിക്കുന്നതിന് ഉപോൽബലകമായ ഉത്തരവുകൾ ബന്ധപ്പെട്ടവർ ഹാജരാക്കിയുമില്ല. സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രോജക്ട് നടപ്പിലാക്കിയതിനാൽ 2017-18 വർഷം ചെലവായ 1494230 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-32 എ.ബി.സി. പ്രോഗ്രാം -വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം വിനിയോഗിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി ജില്ലാപഞ്ചായത്ത്

2001 ലെ എനിമൽ ബർത്ത് കൺട്രോൾ റൂൾസ് പ്രകാരം തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുകയും അതുവഴി എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും മൃഗങ്ങൾ വഴി മനുഷ്യരിലുണ്ടാകുന്ന പേ വിഷബാധ നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ പോംവഴി എന്നതാണ് എ.ബി.സി. പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്.

മാതൃകാപരവും ശ്രദ്ധേയവുമായതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ ഒരു പദ്ധതിയാണ് എ.ബി.സി. പദ്ധതി. തെരുവ് നായ്ക്കളുടെ ക്രമാതീതമായ വർദ്ധനവ് മൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് രൂക്ഷമായതിനെതുടർന്ന് തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണ പരിപാടി - 'ആനിമൽ ബർത്ത് കൺട്രോൾ' (ABC) എന്ന പേരിൽ 2016-17 വർഷം തയ്യാറാക്കിയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു (പ്രോജക്ട് നം.404/17). ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്ന ഈ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 2.89 കോടി രൂപയുമാണ് തൻവർഷം വകയിരുത്തിയിരുന്നത്. ജില്ലയിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ വഴി തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയിൽ പടിയൂർ-കല്ല്യാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പടിയൂരിൽ പുതിയ എ ബി സി കേന്ദ്രം സ്ഥാപിക്കുന്നതിനും തലശ്ശേരി നഗരസഭയുടെ പരിധിയിലുള്ള കോപ്പാലം വെറ്റിനറി ഡിസ്പെൻസറിയിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി എ ബി സി കേന്ദ്രം സ്ഥാപിക്കുന്നതിനും,പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എ ബി സി കേന്ദ്രത്തിന്റെ തുടർനടത്തിപ്പും ലക്ഷ്യമിടുന്നു.

ലഭ്യമാക്കിയ രേഖകൾ പ്രകാരം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി 2016-17 വർഷത്തിൽ 71,34,000/- രൂപ ശേഖരിച്ചിട്ടുണ്ട്. കൂടാതെ 2017-18 വർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 900000 രൂപയും ലഭിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷാരംഭ ബാക്കി | തൻവർഷ വരവ് | തൻവർഷ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 7134000 | 900000 | 0 | 8034000 |

2017-18 വർഷം പദ്ധതി വിഹിതത്തിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം, സെക്രട്ടറി

ജില്ലാപഞ്ചായത്ത് എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണത്തിനായി പണം ചെലവ് ചെലവ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| ഡെപ്യൂട്ടി ഡയരക്ടർ മൃഗസംരക്ഷണം | 803/2018 | തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതി | 1410000 | 1409033 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 565/2018 | തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതി | 2322900 | 2322900 |

എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ പടിയൂർ-കല്ല്യാട് ഗ്രാമപഞ്ചായത്തിലെ പടിയൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. 2016-17, 2017-18 വർഷങ്ങളിൽ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പണം ചെലവഴിക്കാതെ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത് (TSB:799011400000958). ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതങ്ങൾ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നത് മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആകയാൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ലക്ഷ്യപ്രാപ്തി നേടാൻ ജില്ലാ പഞ്ചായത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-33 ജില്ലാപഞ്ചായത്തിന്റെ മേഖല ചുമതലകളിൽ പെടാത്ത പ്രീ മെട്രിക്ക് ഹോസ്റ്റലിന് ധനസഹായം-നൽകിയത് ക്രമവിരുദ്ധം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദേശത്തിലെ ആമുഖത്തിലെ ഖണ്ഡിക 1.5(2) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 166(1), 172(1), 173(1) എന്നിവയിലെ 3,4,5 പട്ടികകളിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുടെ ചുമതലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതിനെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്172-ാം വകുപ്പ് നാലാം പട്ടികയിലെ XIII പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്ന ഇനത്തിലെ (1)പ്രകാരം പ്രീ മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലാണ്. 173-ാം വകുപ്പ് (1) ഉപവകുപ്പ് 5-ാം പട്ടിക XIV പട്ടികജാതി -പട്ടികവർഗ്ഗ വികസനം എന്നതിലെ ക്രമനമ്പർ 1 പ്രകാരം പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ് മാത്രമാണ് ജില്ലാപഞ്ചായത്തിനുള്ളത്.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടുവിൽ പ്രീ മെട്രിക്ക് ഹോസ്റ്റലിന് ചുറ്റുമതിലും മുകൾനിലയും നിർമ്മിക്കുന്നതിനായും സംയുക്ത പ്രൊജക്ടിൽ ജില്ലാപഞ്ചായത്ത് വിഹിതമായി 4500000 രൂപ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | നടുവിൽ പ്രീ മെട്രിക്ക് ഹോസ്റ്റൽ ചുറ്റുമതിൽ,മുകൾനില നിർമ്മാണം-തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് ധനസഹായം |
| പ്രൊജക്ട് നമ്പർ | 811/2018 |
| അടങ്കൽ | 4600000( 4500000 രൂപ ജില്ലാപഞ്ചായത്ത് വിഹിതം+ 100000 രൂപ ബ്ലോക്ക് വിഹിതം) |

| | |
|---|---|
| ബിൽ നമ്പർ/തീയതി/ തുക | 3/2017-18 തീയതി 31-01-2018 |

പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് പണം കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിക്കുന്ന പ്രകാരം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. ജിഒ(എംഎസ്) നം 72/2017 തസ്വഭവ തീയതി 29-03-2017 പദ്ധതി മാർഗ്ഗനിർദേശങ്ങളിലെ ഖണ്ഡിക 6.5 സംയുക്തപ്രോജക്ടുകൾ എന്ന ഖണ്ഡികയിലെ ക്രമനമ്പർ 2 പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളിയാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഉടമ്പടി വെച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവ്യത്തിയ്ക്ക് വേണ്ടി നൽകിയ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകങ്ങൾ ചൂണ്ടി കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല (24/22-10-2018). മേഖലാ ചുമതലകളിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവ് ചെയ്തതിന് വിശദീകരണവും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും പദ്ധതി തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഹോസ്റ്റലിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരവും പരിശോധനക്കും പരിഗണനയ്ക്കും വിധേയമാക്കേണ്ടതാണ്.

## 3-34 മാവുംതട്ട് കമ്മ്യൂണിറ്റി ഹാൾ റിപ്പയറിംഗ് -ഉദയഗിരി ഗ്രാമപഞ്ചായത്തിന് ധനസഹായം -കരാർ ഉടമ്പടി രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മാവുംതട്ട് കമ്മ്യൂണിറ്റി ഹാൾ റിപ്പയറിംഗിനുള്ള ജില്ലാപഞ്ചായത്ത് വിഹിതമായി 1000000 രൂപ ഉദയഗിരി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മാവുംതട്ട് കമ്മ്യൂണിറ്റി ഹാൾ റിപ്പയറിംഗ്-ഉദയഗിരി ഗ്രാമപഞ്ചായത്തിന് ധനസഹായം |
| പ്രൊജക്ട നമ്പർ | 806/2018 |
| അടങ്കൽ | 1025000 |
| ബിൽ നമ്പർ /തീയതി /തുക | 2/17 തീ. 31-01-18 , 1000000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ ഐ ടി ഡി പി |

ജി.ഒ(എംഎസ്) നം 72/2017 തസ്വഭവ തീയതി 29-03-2017 പദ്ധതി മാർഗ്ഗനിർദേശങ്ങളിലെ ഖണ്ഡിക 6.5 സംയുക്തപ്രോജക്ടുകൾ എന്ന ഖണ്ഡികയിലെ ക്രമനമ്പർ 2 പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളിയാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.പദ്ധതിയുടെ നിലവിലെ സ്ഥിതി, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/22-10-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ഉടമ്പടിയുടെ പകർപ്പും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 3-35 പിണറായി എ കെ ജി എം ജി എച്ച് എസ് എസിന് മെയിന്റനൻസിന്

**തുകനൽകിയത്- വൗച്ചറുകൾ ഹാജരാക്കിയില്ല.ചെലവ് തുക 105396 രൂപ തടസപ്പെടുത്തുന്നു.**

പിണറായി എ കെ ജി എം ജി എച്ച് എസ് എസിന് 2017-18 വർഷം സ്കൂൾ മെയിന്റനൻസിന് ജില്ലാപഞ്ചായത്ത് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന് ആസ്പദമായ അനുബന്ധരേഖകളായ വൗച്ചറുകൾ, മസ്റ്ററോൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എ കെ ജി എം ജി എച്ച് എസ് എസ് -പിണറായി മെയിന്റനൻസ്. |
| പ്രൊജക്ട് നമ്പർ | 83/2018 |
| അടങ്കൽ | 200000 |
| ബിൽ നമ്പർ/ തീയതി/ തുക | 1/2017-18 തീയതി 31-03-2018/- 105396 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 105396 രൂപ തടസപ്പെടുത്തുന്നു.

## 3-36 കുറുമാത്തൂർ ട്രെയിനിംഗ് സെന്റർ -പണി പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകളിലെയും വനിതകൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനായി ഒരു സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ 2012-13 ൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച പദ്ധതിയാണ് കുറുമാത്തൂർ ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം. 20-03-2013 ന് നിർമ്മിതി കേന്ദ്രം കണ്ണൂരുമായി കരാർ ഒപ്പിട്ടു. സെന്ററിന്റെ നിർമ്മാണത്തിന് നിർമ്മിതി കേന്ദ്രത്തിന് താഴെ കൊടുത്ത പ്രകാരം വിവിധ കാലയളവിലായി തുക നൽകിയിട്ടുണ്ട്.

| ക്രമനം | തുക ചെലവഴിച്ച വർഷം | തുക |
|---|---|---|
| 1 | 2012-13 | 1874000 |
| 2 | 2014-15 | 1874000 |
| 3 | 2015-16 | 1874000 |
| 4 | 2016-16 | 1874000 |
| 5 | 2016-17 | 628699 |

| | |
|---|---|
| ആകെ | 8124699 |

പ്രസ്തുത കെട്ടിടം 2016-17 വർഷം തന്നെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/22-10-2018) മറുപടിയായി മേൽ നിർമ്മിച്ച കെട്ടിടം നാളിതുവരെയായും കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കാരണം കെട്ടിട നമ്പറും വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ജില്ലയിലെ മൊത്തം കുടുംബശ്രീ യൂണിറ്റുകൾക്കും പരിശീലനം നൽകുന്നതിന് വേണ്ടി ഇത്രയും തുക ചെലവഴിച്ചിട്ടും നാളിതുവരെയായി പ്രവർത്തനക്ഷമമായിട്ടില്ലെന്നത് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാപഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 3-37 ജില്ലാഫാമുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ-ഫണ്ട് മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല.

കണ്ണൂർ ജില്ല പഞ്ചായത്ത് 2017-18 വർഷത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാഫാമുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള 4 ഫാമുകളായ ജില്ലാകൃഷിത്തോട്ടം കരിമ്പം, സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട്, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ, കോക്കനറ്റ് നഴ്സറി, പാലയാട് എന്നിവയുടെ ബഹുമുഖ വികസനത്തിന് പ്രസ്തുത ഫാമുകൾ സന്ദർശിച്ച് 10 വർഷത്തേക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രസ്തുത പദ്ധതിയുടെ വർക്ക്ഷോപ്പ് നടത്തുന്നതിനായി 20000 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കേളപ്പജി മെമ്മോറിയൽ എഞ്ചിനീയറിംഗ് ആന്റ് ടെക്ക്നോളജി , തവനൂരിനെയാണ് ഏല്പിച്ചിട്ടുള്ളത്.

പ്രസ്തുത സ്ഥാപനത്തിന് ബിൽ നമ്പർ 29/2017-18 തീയതി 26-03-2018 പ്രകാരം പിൻവലിച്ച 480000 രൂപയും വർക്ക്ഷോപ്പിന് അനുവദിച്ച 20000 രൂപയിൽ നിന്നും ബാക്കി 5328 രൂപയും ഉൾപ്പെടെ ആകെ 485328 രൂപ അന്നേ ദിവസം തന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചത് 31-07-2018 തീയതിയിൽ മാത്രമാണ്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ സ്ഥാപനം ഇനിയും സ്വീകരിച്ചിട്ടില്ല. കരാർ ചമക്കാൻ കാലതാമസം നേരിട്ടതിനും പ്രവർത്തിയുടെ നിലവിലെ അവസ്ഥയും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി യൂണിവേഴ്സിറ്റി രജിസ്ട്രാർ മാറിയതിനാൽ കരാർ ചമക്കാൻ കാലതാമസം നേരിട്ടുവെന്നും മഴക്കാലമായതിനാൽ മാസ്റ്റർ പ്ലാനിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തരാൻ സ്ഥാപനത്തോട് ആവശ്യപ്പെടേണ്ടതും മാസ്റ്റർ പ്ലാനിൽ പരാമർശിച്ച പ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായും ഫാമുകളുടെ വികസനത്തിന് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

## 3-38 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി -കേരള പൊതു മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല.

മെൻസ് ഹോസ്റ്റൽ അംബേദ്ക്കർ കോളനി അണ്ടലൂർ കാവ് റോഡ് റിപ്പയർ

പ്രൊജക്ട് നമ്പർ.105/18

അടങ്കൽ .3505000/-മെയിൻറനൻസ് ഗ്രാൻറ് (റോഡ്)

ചെലവ്:

ബിൽ നമ്പർ ,തുക. 49/21-06-17, 29,32,983/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ-എ. കെ. റിയൽട്ടേഴ്സ്&വില്ലാസ് അഴീക്കോട്.

എം. ബുക്ക് നമ്പർ -199/16-17

സെലക്ഷൻ നോട്ടീസ് -03-02-16

സൈറ്റ് കൈമാറിയ തീയ്യതി -23-03-16

മേൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി 22-09-16 ന് ആയിരുന്നു. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് യന്ത്ര തകരാർ തുടങ്ങിയ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി 30-12-16 വരെ നീട്ടിത്തരണമെന്ന കരാറുകാരൻെറ 02-08-16-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19-11-16 ലെ 127/16(5) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പിഴയോടെ 22-12-16 വരെ (3മാസം) ദീർഘിപ്പിച്ചുകൊടുക്കുവാൻ തീരുമാനിച്ചതായും കാണുന്നു.എന്നാൽ പ്രവൃത്തി ആരംഭിക്കുന്നത് 25-01-17നും, അവസാനിക്കുന്നത് 27-03-17-ലും ആണ്.ജി.ഒ. (പി)13/2012/PWD/തീയ്യതി. 01-02-12 ഉത്തരവ് പ്രകാരം പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിൽ അധികരിക്കുവാൻ പാടില്ല. എന്നും പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രൊജക്ടുകൾ അനധികൃതമാണ് എന്നും അനുശാസിക്കുന്നുണ്ട്. ദീർഘിപ്പിച്ചുകൊടുത്ത കാലാവധിക്കുശേഷവും പ്രവൃത്തി ആരംഭിക്കുക പോലും ചെയ്യാതിരുന്നിട്ടും കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിക്കാതെ തുക അനുവദിച്ചത് പൊതുമരാമത്ത് മാന്വലിൻെറ ലംഘനമാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.02.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-39 എടമന ചെളിംപറമ്പ്-വലിയപറമ്പ്-നെല്ലിക്കുറ്റി ഏറ്റുപാറ റോഡ് (എരുവേശ്ശി ഗ്രാമപഞ്ചായത്ത്) അധികം നല്കിയ 9423 രൂപ നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര് - എടമന ചെളിംപറമ്പ് -വലിയപറമ്പ്-നെല്ലിക്കുറ്റി ഏറ്റുപാറ റോഡ് എരുവേശ്ശി ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ - 129/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ -80,00,000 ( മെയിന്റനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ- ടി.എം.മാത്തച്ചൻ

പി.എ.സി. - 6638882/-

ബിൽ നമ്പർ 244/28-02-2018 4095616/-

ബിൽ നമ്പർ 277/23-06-2018 1909957/-

എം ബുക്ക് നമ്പർ 57/17-18,58/17-18,231/17-18, 335/17-18

പ്രസ്തുത പ്രവൃത്തിയുടെ App.2 Road taaring near Ch.3/100 KM and retaring near Ch1/500 to 2/500 ഇനം നമ്പർ 1wet mix mecadam (4.9)

providing, laying spreading and compacting graded stone aggregate to wet mix mecadam specification including premixing the material with water at OMC in mechanical mixer (pug) mill etc... അളവിൽ നിന്ന് slab portion കുറക്കുന്നതിന് പകരം കൂട്ടിയത് കാരണം താഴെ പറയും പ്രകാരം 9423രൂപ (134289.38-124866.62) അധികം നല്കിയിട്ടുണ്ട്.

അനുവദിച്ചത് (പേജ് നമ്പർ 31എം ബുക്ക് നമ്പർ 231/17-18, പേജ് നമ്പർ 34 എം ബുക്ക് നമ്പർ 335/17-18)

| No. | L | B | D | |
|---|---|---|---|---|
| 1 | 75.75 | 3.8 | 0.15 | 43.18 |

| | | | | |
|---|---|---|---|---|
| കുറക്കുക<br>Slab portion | 2.75 | 3.8 | 0.15 | 1.57 |
| | | | | 44.75 m3 |
| 44.75 @ 3000.88/m3 Quoted Rate | | | | 134289.38 |

അനുവദിക്കാവുന്നത്

| No. | L | B | D | |
|---|---|---|---|---|
| 1 | 75.75 | 3.8 | 0.15 | 43.1775 |
| കുറക്കുക<br>Slab portion | 2.75 | 3.8 | 0.15 | 1.5675 |
| | | | | 41.61 |
| 41.61 @ 3000.88 Quoted Rate | | | | 124866.62 |

അധികം നല്കിയ 9423 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/09-10-2018) വിശദീകരണം നല്കിയിട്ടില്ല.

## 3-40 ജി.എച്ച്.എസ്.എസ്. ചെറുതാഴം അറ്റകുറ്റപണി അധികം നല്കിയ 14584 രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - ജി.എച്ച്.എസ്.എസ്. ചെറുതാഴം അറ്റകുറ്റപണി

പ്രോജക്റ്റ് നമ്പർ - 122/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ -10,00,000 ( വികസന ഫണ്ട് എസ്.സി.പി)

കരാറുകാരൻ- മാമേഷ്.സി.എച്ച് (എസ്റ്റിമേറ്റ് നിരക്കിൽ 5% കുറഞ്ഞനിരക്കിൽ)

പി.എ.സി. - 887454/-

ബിൽ നമ്പർ 4/19-06-2017 820238/-

എം ബുക്ക് നമ്പർ 73/2016-17

1-പ്രസ്തുത പ്രവൃത്തിയുടെ Extra items 1- 15.10 dismantling dressed stone work ashlar face stone work marble work or precast concrete work mannually/ by mechanical means including stacking of serviceable and disposal of unserviceable materials withinn 50 meters lead as per direction of Engineer-in-charge in cement mortar എന്ന ഇനത്തിൽ 5.80 m3@1373.56 പ്രകാരം 7966.65 അനുവദിക്കുന്നതിന് പകരം 6.15m3 @1373.56 പ്രകാരം 8847.39 രൂപ(എം ബുക്ക് നമ്പർ 73/2016-17 പേജ് നമ്പർ 2,88) അനുവദിച്ചിട്ടുണ്ട്. ഇത് കാരണം 8847.39- 7966.65 = 880.74 രൂപ അധികം കണക്കാക്കുകയും ടെണ്ടർ നിരക്ക്

5% കുറവായതിനാൽ 880.74- 44.03=836 രൂപ അധികം നല്കുകയും ചെയ്തിട്ടുണ്ട്.

2- Extra items 6- Laterite neatly dressed stones of size 35x20x20cm or nearest size in cement mortar 1:6 for superstructuree above plinth level up to floor two level including all cost of materials labour charges etc. എന്ന ഇനത്തിൽ പ്രകാരം 3.93 m3@2375 പ്രകാരം 9333.75 അനുവദിക്കുന്നതിന് പകരം 4.27m3 @ 2375 പ്രകാരം 10141.25 രൂപ(എം ബുക്ക് നമ്പർ 73/2016-17 പേജ് നമ്പർ 11,91) അനുവദിച്ചിട്ടുണ്ട്. ഇത് കാരണം 10141.25- 9333.75 = 807.50 രൂപ അധികം കണക്കാക്കുകയും ടെണ്ടർ നിരക്ക് 5% കുറവായതിനാൽ 880.74- 40.375=767 രൂപ അധികം നല്കിയിട്ടുണ്ട്.

3- പ്രവൃത്തിയുടെ ഇനം നമ്പർ 11 13-1-2 finishing work 12mm cement plaster 1:6 cement mortar എന്നയിനത്തിലെ അളവുകൾ കൂട്ടിയതിലെ അപാകം കാരണം 430.43@213.14/m3രൂപ പ്രകാരം 91741.85 രൂപനല്കുന്നതിന് പകരം 494.54@213.14/m3രൂപ പ്രകാരം105406.26 രൂപ കണക്കാക്കിയത് കാരണം13664.40 അധികം കണക്കാക്കുകയും ടെണ്ടർ നിരക്ക് 5% കുറവായതിനാൽ 13664.40-683.22=12981 രൂപ അധികം നല്കിയിട്ടുണ്ട്.(എം ബുക്ക് നമ്പർ 73/2016-17 പേജ് നമ്പർ 30,31,32,33,34,77) വിശദവിവരം ചുവടെ ചേർക്കുന്നു

| No | L | B | Area കണക്കാക്കിയത് | Area കണക്കാക്കേണ്ടത് |
|---|---|---|---|---|
| 1 | 2.2 | 1 | 2.2 | |
| 1 | 2.2 | 3.15 | 6.93 | |
| 1 | 2.93 | 3.15 | 9.23 | |
| 1 | 2.73 | 3.15 | 8.6 | |
| 1 | 19.35 | 1 | 19.35 | |
| 1 | 5.65 | 3.15 | 17.8 | |
| 1 | 2.89 | 3.15 | 9.1 | |
| 1 | 2.87 | 3.15 | 9.04 | |
| 1 | 2.78 | 3.15 | 8.76 | |
| 1 | 2.93 | 3.15 | 9.23 | |
| 2 | 19.35 | 0.3 | 11.61 | |
| 2 | 8.35 | 0.3 | 5.01 | |
| 2 | 19.35 | 0.10 | 3.87 | |
| 2 | 8.35 | 0.10 | 1.67 | |
| 2 | 1.5 | 3.15 | 9.45 | |
| 2 | 2.94 | 3.15 | 18.52 | |
| 2 | 2.79 | 3.15 | 17.58 | |
| 1 | 6 | 3.15 | 18.90 | |
| 1 | 12.15 | 1.00 | 12.15 | |

| | | | | |
|---|---|---|---|---|
| 2 | 1.5 | 3.15 | 9.45 | |
| 1 | 19.03 | 1.00 | 19.03 | |
| 2 | 2.88 | 3.15 | 18.14 | |
| 2 | 2.88 | 3.15 | 18.14 | |
| 2 | 2.79 | 3.15 | 17.58 | |
| 4 | 5.65 | 3.15 | 71.19 | |
| 1 | 2.75 | 0.40 | 1.10 | |
| 1 | 6.50 | 0.40 | 2.6 | |
| 1 | 8.43 | 0.40 | 3.37 | |
| 1 | 19.03 | 0.40 | 7.61 | |
| 1 | 2.3 | 0.40 | 0.92 | |
| 1 | 6.00 | 3.6 | 21.6 | |
| 1 | 6.5 | 4 | 26 | |
| 2 | 3 | 3.6 | 21.6 | |
| 1 | 3.2 | 3.4 | 10.88 | |
| ആകെ | | | 512.32 | 448.21 |
| കുറക്കുക | | | | |
| Door 2 | 1.30 | 2.10 | 5.46 | 5.46 |
| Window 8 | 1.10 | 1.40 | 12.32 | 12.32 |
| | | | 494.54 | 430.43 |

അധികം നല്കിയ14584 (836+767+12981) രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (394/25-10-2018) വിശദീകരണം നല്കിയിട്ടില്ല.

## 3-41 കയ്യുന്തടം എസ്.സി കോളനി റോഡ് അധികം നല്കിയ 12059 രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - കയ്യുന്തടം എസ്.സി കോളനി റോഡ് പട്ടുവം ഗ്രാമപഞ്ചായത്ത്

പ്രോജക്റ്റ് നമ്പർ - 382/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ -61,45,000 ( വികസന ഫണ്ട് എസ്.സി.പി)

കരാറുകാരൻ- ഇ.പി.ബിജു

പി.എ.സി. - 5046585/-

ബിൽ നമ്പർ 206/08-02-2018 4782637/-

എം ബുക്ക് നമ്പർ 129/17-18

പ്രസ്തുത പ്രവൃത്തിയുടെ App.2 B Providing concrte for plain/reinforced concrete in open foundations complete as per drawings and technical specification clause 802,803,1202 &1203 അളവിൽ നിന്ന് pipe, Abutment pipe portion കുറക്കുന്നതിന് പകരം കൂട്ടിയത് കാരണം താഴെ പറയും പ്രകാരം 12059രൂപ (1317897.52-1305838.33) അധികം നല്കിയിട്ടിട്ടുണ്ട്.

അനുവദിച്ചത് (പേജ് നമ്പർ 35& 77എം ബുക്ക് നമ്പർ 129/17-18)

| No. | L | B | D | |
|---|---|---|---|---|
| ആകെ അളവ് | | | | 197.555 |
| കുറക്കുക Pipe | 1.50 | 1.20 | 0.40 | 0.720 |
| കുറക്കുക Abutment | 2x1.25 | 0.25 | 0.30 | 0.188 |
| | | | | 198.463 |
| 198.463@6640.52 Quoted Rate | | | | 1317897.52 |

അനുവദിക്കാവുന്നത്

| No. | L | B | D | |
|---|---|---|---|---|
| ആകെ അളവ് | | | | 197.555 |
| കുറക്കുക Pipe | 1.50 | 1.20 | 0.40 | 0.720 |
| കുറക്കുക Abutment | 2x1.25 | 0.25 | 0.30 | 0.188 |
| | | | | 196.647 |
| 196.647@6640.52 Quoted Rate | | | | 1305838.33 |

അധികം നല്കിയ12059രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (33/23-10-2018) വിശദീകരണം നല്കിയിട്ടില്ല.

## 3-42 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി/01.02.2012 പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112,2112-1 എന്നിവയിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

സമയം കരാറിന്റെ എസൻസാണ്. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിന് എ ഇ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള time extension ഒറ്റത്തവണ ഒറിജിനൽസമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. ഒറിജിനൽസമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവെങ്കിൽ അത്). പരമാവധി extension , original time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല.

കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം

ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ കാലാവധിക്കകം എ.ഇ. മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘികരണം ലഭിക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നല്കാവുന്നതല്ല. സമയബന്ധിതമായി പൂർത്തിയാക്കാത്തതും എന്നാൽ യാതൊരു പിഴ ഈടക്കാത്തതുമായ ഏതാനും പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.

1-പത്താം വാർഡ് വളപട്ടണം സഹകരണ ബാങ്കിന് പിൻവശം ബി.എസ്.എൽ വാർഡിന് പിൻവശം ഡ്രൈനേജ് നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ പേര് | 286/2018പത്താം വാർഡ് വളപട്ടണം സഹകരണ ബാങ്കിന് പിൻവശം ബി.എസ്.എൽ വാർഡിന് പിൻവശം ഡ്രൈനേജ് നിർമ്മാണം |
| അടങ്കൽ- | 1000000 മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 763668<br>310/31-03-2018 |
| കരാറുകാരന്റെ പേര് | പി.പി.ബിജു |
| കരാർ തുക | 776538/- |
| കരാർ തീയതി | LSGD/EE/255/2016-17 dated 13-03-2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 12-09-2017 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 22-03-2018 |
| എം.ബുക്ക് നമ്പർ. | 391/2016-17, 392/2016-17 |
| ജില്ലാ പഞ്ചായത്ത് തീരുമാനം നമ്പർ തീയതി | 91/17(1) തീയതി 26-09-2017<br>21/2018(4) തീയതി 07-03-2018 |

2- ഇരഞ്ഞിൻകീഴിൽ കല്ലാച്ചേരിക്കടവ് പൊയിൽ മുക്ക് റോഡ് തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ പേര് | 284/2018ഇരഞ്ഞിൻകീഴിൽ കല്ലാച്ചേരിക്കടവ് പൊയിൽ മുക്ക് റോഡ് തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് |
| അടങ്കൽ- | 1500000 മെയിന്റനൻസ് ഫണ്ട് (റോഡ്) |

| | |
|---|---|
| ചെലവ്/<br>ബിൽ നമ്പർ തീയതി | 1446615<br>219/19-02-2018 |
| കരാറുകാരന്റെ പേര് | ജോൺബെൻസ് |
| കരാർ തുക | 1461114/- |
| കരാർ തീയതി | LSGD/EE/242/2016-17 dated 09-03-2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 15-09-2017 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 12-12-2017 |
| എം.ബുക്ക് നമ്പർ. | 366/2016-17 |

3-അള്ളാകുളം ചവനപ്പുഴ വന്നാരപാറ കാഞ്ഞിരങ്ങാട് റോഡ് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 333/2018അള്ളാകുളം ചവനപ്പുഴ വന്നാരപാറ കാഞ്ഞിരങ്ങാട് റോഡ് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| അടങ്കൽ- | 3000000 വികസനഫണ്ട് സാധാരണം |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 2765091/-<br>275/26-03-2018 |
| കരാറുകാരന്റെ പേര് | സിജു.കെ.സി. |
| കരാർ തുക | 2795919/- |
| കരാർ തീയതി | LSGD/EE/15/2017-18 dated 24-04-2017 |
| സൈറ്റ് കൈമാറിയ തീയതി | 02-05-2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 01-11-2017 |
| പ്രവൃത്തി പൂർത്തീകരിച്ച | 29-12-2017 |

| | |
|---|---|
| ദിവസം | |
| എം.ബുക്ക് നമ്പർ. | 27/2017-18, 28/2017-18, |

നിരവധി പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി തീർക്കാതിരിക്കുന്നതിന് പിഴ ഈടാക്കാതെ ദീർഘിപ്പിച്ച് നല്കുന്നത് പൊതുമരാമത്ത് മാന്വലിന് അനുസൃതമല്ല. ഇത് പദ്ധതി പണം പാഴാകുന്നതിനും കരാറുകാർക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിലും കരാർ കാലാവധി ദീർഘിപ്പിച്ചുതരുന്നതാണെന്ന സന്ദേശം നല്കുന്നതുമാണ്. മരാമത്ത് പ്രവൃത്തി സമയബന്ധിതമായി തീർത്താൽ മാത്രമേ 100 % ചെലവ് കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്നകാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-43 എക്സിക്യൂട്ടീവ് എഞ്ചിനിയർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികൾ - തുക വിനിയോഗം കാര്യക്ഷമമല്ല.

(1)എക്സിക്യൂട്ടീവ് എഞ്ചിനീയർ മരാമത്തു പ്രവൃത്തികളിൽ അടങ്കൽ തുകയുടെ 60.26% തുക മാത്രമാണ് ചെലവഴിച്ചത്. വിവിധ പ്രോജക്ടുകൾക്കായി ഫണ്ട് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് ചെയ്ത തുക | ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 94812188 | 47749416 | 50.36 |
| വികസനഫണ്ട് (എസ്.സി.പി.) | 20148089 | 11646752 | 57.80 |
| വികസനഫണ്ട് (ടി.എസ്.പി.) | 7155986 | 4156981 | 58.09 |
| മെയിന്റനൻസ് റോഡ് | 466122470 | 299195738 | 64.18 |
| മെയിന്റനൻസ് നോൺറോഡ് | 33491635 | 24342058 | 72.68 |
| മറ്റുള്ളവ | 21209452 | 348561 | 1.64 |
| ആകെ | 642939820 | 387439506 | 60.26 |

(2) അസി. എക്സി. എഞ്ചിനീയർ: അടങ്കൽ തുകയുടെ 20.37% മാത്രമാണ് നിർവ്വഹണം നടത്തിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 84734000 | 10747340 | 12.68 |
| വികസന ഫണ്ട് (എസ്.സി.പി.) | 8010000 | 3962354 | 49.47 |
| വികസന ഫണ്ട് (ടി.എസ്.പി.) | 2222000 | 0 | 0.0 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 208811502 | 53266883 | 25.51 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 25150000 | 8689291 | 34.55 |
| മറ്റുളളവ | 47346000 | 0 | 0.00 |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 10000 | 0 | |
| ആകെ | 376283502 | 76665868 | 20.37 |

വിനിയോഗം കുറഞ്ഞതിന്റെ കാരണവും പരിഹാര നടപടികളും വ്യക്തമാക്കേണ്ടതാണ്.

നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | തയ്യാറാക്കിയത് | നടപ്പിലാക്കിയത് | ശതമാനം |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 39 | 14 | 35.89 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 310 | 253 | 81.61 |
| ആകെ | 349 | 267 | 76.50 |

ഇതിൽ 17 പ്രോജക്ടുകൾ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിരുന്നെങ്കിലും 31-03-2018 ന് മുമ്പായി ബിൽ മാറുന്നതിന് സാധിച്ചിട്ടില്ല. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 202 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 61 പ്രൊജക്ടുകൾ (30.2%) മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.

ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017 ഖ.6.8.2. പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ പ്രവൃത്തി സ്പിൽ ഓവറായ വർഷം തന്നെ പൂർത്തികരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 57 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് പദ്ധതി തയ്യാറാക്കുന്നതിലെ വീഴ്ചയാണ് കാണിക്കുന്നത്. പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ തന്നെ പദ്ധതി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും സമയക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-44 ജില്ലാ ആയുർവേദ ആശുപത്രി മെയിന്റനൻസ്(പ്രോ.നം.so529/18) നിർമ്മിതിയെ ഏല്പിച്ചത്-സർക്കാർ ഉത്തരവിനു വിരുദ്ധം

അടങ്കൽ – 10,00,000/- രൂപ

ചെലവ്:

ബിൽ നം. 6/17-18 തീ. 6.3.18 2,00,000/- രൂപ

ബിൽ നം. 10/17-18 തീ. 26.03.18 8,00,000/- രൂപ

ആകെ 10,00,000/- രൂപ

മെഡിക്കൽ സൂപ്രണ്ട് (ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ) നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ നടത്തിപ്പ് നിർമ്മിതി കേന്ദ്രത്തെയാണ് ഏല്പിച്ചിരുന്നത്. 10 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് ബിൽ നം.06/17-18

/06.03.18, ബിൽ നം.10/17-18/26.03.18 എന്നിവ പ്രകാരം യഥാക്രമം 02 ലക്ഷം രൂപ, 08 ലക്ഷം രൂപ എന്നിങ്ങനെ പിൻവലിച്ച് നിർമ്മിതി കേന്ദ്രയ്ക്ക് കൈമാറിയിരുന്നു. തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം അവരെ ഏല്പിച്ചാൽ മതിയെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ(ആർടി) 244/2013 തീ. 30.01.2011 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിനു വിരുദ്ധമായി മേൽ പ്രവൃത്തി നിർമ്മിതിയെ ഏല്പിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ എസ്റ്റിമേറ്റ പ്രകാരമുള്ള പല ഇനങ്ങളും വേണ്ടെന്നു വെച്ചതും ചില ഇനങ്ങൾ എസ്റ്റിമേറ്റിലും കൂടിയ അളവിൽ ചെയ്തതും വിശദീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. [ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.14/17-18 തീ.11.10.2018) മറുപടിയിൽ, ആശുപത്രിയിലെ പ്രവൃത്തി പെട്ടെന്ന് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെയാണ് നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചതെന്നും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ഉതകുന്ന രീതിയിലാക്കുന്നതിനു വേണ്ടിയാണ് ചില ഇനങ്ങൾ കൂടുതൽ ചെയ്തതെന്നും ചില ഇനങ്ങൾ ഒഴിവാക്കിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-45 പ്രോജക്റ്റുകൾ പ്രകാരം ആശുപത്രിക്ക് മരുന്നു വാങ്ങൽ– ഡി.എം.ഒയിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ജില്ലാ ആശുപത്രി സൂപ്രണ്ട് (അലോപ്പതി) പ്രോ.നം.93/17-18,97/17-18 എന്നിവ പ്രകാരം മരുന്നു വാങ്ങുന്നതിനായി യഥാക്രമം 49,99,962/രൂ.(ബിൽ നം.5/17-18/ 23.3.18) ,24,99,919/രൂ. (ബിൽ നം.04/17-18 /23.3.18പ്രകാരം 10ലക്ഷം രൂപ, ബിൽ നം.06/17-18തീ.28.3.18 പ്രകാരം 14,99,919രൂ.) ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രോജക്ട് പ്രകാരം ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നതിനുമുമ്പായി ഡി.എം.ഒ യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.3.2017 ലെ 72/17 നമ്പർ ഉത്തരവിന്റെ ഖ.12.11.1ൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് മേൽ ഉത്തരവു പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിനു ശേഷമല്ല പ്രോജക്ട് നടപ്പിലാക്കിയതെന്നു വ്യക്തമാകുന്നു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15 /17-18 തീ. 16.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. 49,99,962/- രൂപയുടെ മരുന്ന് റണ്ണിംഗ് കോൺട്രാക്ട് പ്രകാരവും 24,99,919/- രൂപയുടെ മരുന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-46 ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക്അനുവദിച്ച തുക-പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പ്രോജക്റ്റ് ഡയരക്ടർ (ദാരിദ്ര ലഘൂകരണ യൂണിറ്റ്) 2017-18 വർഷം പ്രോജക്റ്റ് വെച്ച തുക (ജില്ലാ പഞ്ചായത്തു വിഹിതം) അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച തുക ഓഡിറ്റ് തീയ്യതി വരെ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല . ഇതു സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

എ)പിഎംഎവൈ(ജനറൽ) 2016-17 വർഷത്തെ ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്തു വിഹിതം നല്കൽ(പ്രോ.നം778/18)

അടങ്കൽ--₹7952000/(പ്ലാൻ ഫണ്ട്-ജനറൽ)

ചെലവ്---₹7952000/(പ്ലാൻ ഫണ്ട്-ജനറൽ)

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക(₹) | ചെലവഴിച്ച തുക(₹) | ബാക്കി(₹) |
|---|---|---|---|
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് | 1008000 | 924000 | 84000 |
| കല്ല്യാശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 56000 | 0 | 56000 |

ബി)സമ്പൂർണ പാർപ്പിട പദ്ധതി(പട്ടിക ജാതി)-ലൈഫ് മിഷന് ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ(പ്രോ.നം

825/18)

അടങ്കൽ--₹10510916/(എസ്.സി.പി ഫണ്ട്)

ചെലവ്---₹10510916/(എസ്.സി.പി ഫണ്ട്)

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക(₹) | ബാക്കി(₹) |
|---|---|---|---|
| പയ്യന്നൂർ ബ്ലോക്ക്പഞ്ചായത്ത് | 1202646 | 570247 | 632399 |

സി)സമ്പൂർണ പാർപ്പിട പദ്ധതി(പട്ടിക വർഗം)-ലൈഫ് മിഷന് ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ(പ്രോ.നം.826/18)

അടങ്കൽ--₹ 8020396/(പ്ലാൻ ഫണ്ട്-ജനറൽ)

--₹13412308/(എസ്.സി.പി ഫണ്ട്)

--₹5194147/(ടി.എസ്.പി ഫണ്ട്)

ചെലവ്---₹ 8020396/(പ്ലാൻ ഫണ്ട്-ജനറൽ)

--₹13412308/(എസ്.സി.പി ഫണ്ട്)

--₹5194147/(ടി.എസ്.പി ഫണ്ട്)

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക(₹) | ബാക്കി(₹) |
|---|---|---|---|
| മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | 519000 | 335000 | 184000 |
| കോളയാട്ഗ്രാമ പഞ്ചായത്ത് | 3000000 | 1580000 | 1420000 |

ഡി)സമ്പൂർണ പാർപ്പിട പദ്ധതി(ജനറൽ)-ലൈഫ് മിഷന് ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ(പ്രോ.നം.824/18)

അടങ്കൽ--₹ 8639665/(പ്ലാൻ ഫണ്ട്-ജനറൽ)

ചെലവ്---₹8639665/(പ്ലാൻ ഫണ്ട്-ജനറൽ)

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക(₹) | ബാക്കി(₹) |
|---|---|---|---|
| മാടായി ഗ്രാമപഞ്ചായത്ത് | 315000 | 170000 | 145000 |
| മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | 840333 | 180000 | 660333 |
| പയ്യന്നൂർ ബ്ലോക്ക്പഞ്ചായത്ത് | 588875 | 525152 | 63723 |

ഇ) പിഎംഎവൈ-മാച്ചിംഗ് ഗ്രാന്റ്(ജനറൽ)-(പ്രോ.നം75/18)

അടങ്കൽ--₹ 2212000/(പ്ലാൻ ഫണ്ട്-ജനറൽ)

ചെലവ്---₹2212000/(പ്ലാൻ ഫണ്ട്-ജനറൽ)

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക(₹) | ബാക്കി(₹) |
|---|---|---|---|

| | | | |
|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 140000 | 84000 | 56000 |
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് | 308000 | 280000 | 28000 |
| കല്ല്യാശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 196000 | 168000 | 28000 |

ജില്ലാപഞ്ചായത്ത് വിഹിതമായി അനുവദിച്ച തുക പൂർണമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 2017-18 | 900000 | എ.ബി.സി.പദ്ധതി | - | 8034000* (മുന്നിരിപ്പടക്കമുള്ള ബാലൻസ് തുക) |

* മുന്നിരിപ്പ് തുക -7134000 രൂപ

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീയാക്കാൻ പ്രത്യേക ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആറളം ഫാം ജി.എച്ച്.എസ് വൈദ്യുതീകരണം | 21701351/20-06-17 | 145500 | 145500 | 0 |
| കെ.ഡബ്ള്യൂ.എ | ചൂട്ടാട് പുതിയ വളപ്പ്എസ്.സി. കോളനി കുടിവെള്ള പദ്ധതി | 21701351/29-06-17 | 750000 | - | 750000 |
| കെ. എസ്.ഇ.ബി | സർക്കാർ സ്കൂളുകളിൽ ഗ്രിഡ് ബന്ധിത സോളാർ പാനൽ സ്ഥാപിക്കൽ | 21701804/22-02-18 | 27426792 | - | 27426792 |
| കെ.ഡബ്ള്യൂ.എ | കാക്കാത്തുരുത്തി | 2170183723-02-18/ | 915000 | - | 915000 |

| | | | | | |
|---|---|---|---|---|---|
| | എസ്.സി കോളനി കുടിവെള്ള പദ്ധതി | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 11296000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | നിർമ്മിതി കേന്ദ്ര | സയൻസ് പാർക്ക് കോൺഫറൻസ് ഹാൾ നവീകരണം | 21701881/ 28-2-18 | 346000 | - | 346000 |
| 2 | നിർമ്മിതി കേന്ദ്ര | കാങ്കോൽ സീഡ് ഫാം സൗന്ദര്യവൽക്കരണം | 21701190/ 17-03-18 | 300000 | - | 300000 |
| 3 | നിർമ്മിതി കേന്ദ്ര | ജില്ലാ പഞ്ചായത്ത് ഓഫീസ് മൂന്നാം നില നിർമ്മാണം | 21701910/ 09-03-18 | 6000000 | 0 | 6000000 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 533700.77 |
| തൻവർഷം നിക്ഷേപിച്ച തുക | 37949 (പലിശ) |
| ആകെ | 571649.77 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 571649.77 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | NO.SBK898095/17-12-2016 ടേം | 17.12.2016 | | 571649.77 | |

| | | | | | |
|---|---|---|---|---|---|
| | ഡെപ്പോസിറ്റ്,സിൻഡിക്കേറ്റ് ബേങ്ക്,സിവിൽ സ്റ്റേഷൻബ്രാഞ്ച്,കണ്ണൂർ | | | | |
| ആകെ | | | | 571649.77 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,31,365രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-1 | 1,31,365 | ശ്രീ.എം.കെ.ശ്രീജിത്ത്,ജില്ലാ പഞ്ചായത്ത് മുൻ സെക്രട്ടറി | 117150500125/ 26-03-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2003-04 2-11 | 2007-08 3-1(64) | വനിതാ വ്യവസായ എസ്റ്റേറ്റ് ₹54.8 ലക്ഷം മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുള്ള പ്രസ്തുത പദ്ധതി ലക്ഷ്യം കണ്ടില്ല | തുടരുന്നു. 5-5-14ന് എച്ച് 1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു. |
| 2 | 2002-03 3-8(2) | 2006-07 3.97.1 | കേന്ദ്രാവിഷ്കൃത പദ്ധതി പ്രവൃത്തിക്ക് ആവശ്യമായതിനെക്കാൾ കൂടുതൽ ധാന്യം അനുവദിച്ചു | തുടരുന്നു 5-12-14 ലെ എച്ച്.1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു |
| 3 | 2002-03 3-16 | 2006-07 3.97.2 | പ്രവൃത്തിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ടെണ്ടർ നിബന്ധന പാലിക്കുന്നില്ല | |

| | | | | |
|---|---|---|---|---|
| 4 | 2002-03<br>3-25 | 2006-07<br>3.97.3 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം വർക്ക് സ്ലിപ്പിലെ അടിസ്ഥാനമില്ലാത്ത പരാമർശങ്ങൾ | |
| 5 | 2003-04<br>2-3 | 2007-08<br>3.1 | കല്യാശ്ശേരി വയൽ നെൽകൃഷി വികസനം പാറക്കടവ് കുളം ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ ₹7,16,449 ചെലവഴിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. | |
| 6 | 2003-04<br>2-14 | 2007-08<br>3.65.1 | പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതി- പ്രവൃത്തി മൂല്യത്തേക്കാൾ തുക നല്കി-പദ്ധതി പൂർത്തിയായിട്ടില്ല. | |
| 7 | 2005-06<br>3-1 | 2008-09<br>3.2.4 | സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് | |
| 8 | 2008-09<br>3-19 | 2011-12<br>2.6(20) | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതി നടപടിക്രമം പാലിക്കുന്നില്ല | തുടരുന്നു |
| 9 | 2008-09<br>3-19 | 2012-13<br>3.2.6(11) | കൃഷി ഫാമുകളും കാർഷികാഭിവൃദ്ധിയും കരിമ്പം ഫാമിലെ ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല | തുടരുന്നു |
| 10 | 2000-01<br>&<br>2001-02 | 2004-05<br>3-13(111)(2) | ഡെൽക്കോ - സഹകരണ മേഖലയിലെപദ്ധതികളിൽ ലക്ഷങ്ങളുടെ ക്രമക്കേട് | തുടരുന്നു.റവന്യൂറിക്കവറി നടപടിയിലൂടെ<br>₹1127665 റസീറ്റ് നമ്പർ 11415400824/11-2-2015 പ്രകാരം തഹസിൽദാർ RR തലശ്ശേരി ഒടുക്കിയിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1,04,59,16,013 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1,12,90,26,033 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,06,943 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,82,34,962 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 12127 | ബീന കെ,<br>ജില്ലാ വനിതാക്ഷേമ ഓഫീസർ |
| 3-10 | | 258750 | സി.രമേശൻ,മാനേജർ<br>ജില്ലാവ്യവസായ കേന്ദ്രം |
| 3-39 | | 9423 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ വി സജീവൻ |
| 3-40 | | 14584 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ വി സജീവൻ |
| 3-41 | | 12059 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ വി സജീവൻ |
| ആകെ | | 306943 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-1 | 38200 | ശ്രീ.കെ.ജെ. മൈക്കിൾ, ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-2 | 1481394 | ശ്രീ.കെ.വി.സജീവൻ,എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്രട്ടറിയുടെ അധിക ചുമതല) |
| 3-3 | 375600 | ചന്ദ്രൻ വി,സെക്രട്ടറി |
| 3-4 | 985443 | ജില്ലാ വനിതാക്ഷേമ ഓഫീസർ, ബീന കെ |
| 3-6 | 262231 | ഡോ.ഷാജി മോൻ പീറ്റർ ,ജില്ലാ മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| 3-6 | 37000 | ഡോ.സുരേഷ് എ ടി. ജില്ലാ മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| 3-10 | 137671 | ശ്രീ. സി. രമേശൻ, മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 3-13 | 13200000 | ശ്രീ. ചന്ദ്രൻ വി. സെക്രട്ടറി |
| 3-14 | 5330000 | ശ്രീ. ചന്ദ്രൻ വി. സെക്രട്ടറി |
| 3-21 | 1856903 | ഡോ. എൻ.അബ്ദുൾ ഫത്താഫ്, മെഡിക്കൽ ഓഫീസർ (ഐ എസ് എം) |
| 3-24 | 2930894 | കെ വി സജീവൻ ,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-31 | 1494230 | ഡോ.ഐയ്യൂബ് എ ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം |
| 3-35 | 105396 | വിനോദ് കുമാർ പി വി,ഹെഡ് മാസ്റ്റർ ,ജി വി എച്ച് എസ് എസ് പിണറായി |
| ആകെ | 28234962 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ബീന കെ,ജില്ലാ വനിത ക്ഷേമ ഓഫീസർ | ജില്ലാ വനിത ക്ഷേമ ഓഫീസർ<br><br>കണ്ണൂർ | അക്ഷയ -പൊടിക്കുണ്ട്<br><br>പള്ളിക്കുന്ന് പി ഒ<br><br>കണ്ണൂർ |
| സി രമേശൻ,മാനേജർ ജില്ല വ്യവസായ കേന്ദ്രം | വിരമിച്ചു | നന്ദനം<br><br>ഈസ്റ്റ് ഏലാങ്കോട്<br><br>പിഒ ഏലാങ്കോട്<br><br>പാനൂർ |
| കെ വി സജീവൻ<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | കെ പി കെ ഹൗസ്<br><br>മുണ്ടലൂർ പി ഒ<br><br>കണ്ണൂർ |
| ഡോ. എസ്. അബ്ദുൾ ഫത്താഹ്, മെഡിക്കൽ ഓഫീസർ, ഐ.എസ്.എ. | വിരമിച്ചു | സിറാജ് മൻസിൽ, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്/സി.6/818/98 തീയതി 20-07-1999 | 52 |
| 1997-98 | എൽ.എഫ്/സി.6/510/99 തീയതി 2-11-1999 | 44 |
| 1998-99 | എൽ.എഫ്/സി.6/845/00 തീയതി 14-08-2001 | 79 |
| 1999-00 | എൽ.എഫ്/സി.3/927/03 തീയതി 13-01-2004 | 73 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്/സി.3/465/03 തീയതി 21-07-04 | 46 |
| 2001-02 | എൽ.എഫ്/സി.3 /471/04തീ.17-09-2004 | 24 |
| 2002-03 | എൽ.എഫ്/സി.3/153/06 തീയതി 16-11-2006 | 41 |
| 2003-04 | എൽ.എഫ്/സി.4/1467/06 തീയതി 4-07-07 | 38 |
| 2004-05 | എൽ.എഫ്/സി.4/608/07തീയതി 1-09-2008 | 42 |
| 2005-06 | എൽ.എഫ്/സി.4/2300/07 തീയതി 16-10-08 | 30 |
| 2006-07 | എൽ.എഫ്/സി.4/554/08 തീയതി 3-12-2009 | 46 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ /സി.9/542/09 തീയതി 17-01-2011 | 36 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ /സി.9/320/10 തീയതി 20-01-2011 | 57 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ /സി.9/1769/11 തീയതി 24-01-2012 | 32 |
| 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി.11 /1269/12 തീയതി 31-5-2013 | 87 |
| 2011-12 | എൽ.എഫ്/കെ.എൻ.ആർ/സി.11 /1170/13 തീയതി 30-6-2014 | 74 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.11 /913/14 തീയതി 21-1-2015 | 66 |

| | | |
|---|---|---|
| 2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.11 /636/15 തീയതി 7-8-2015 | 45 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.11 /2027/15 തീയതി 3-2-2016 | 43 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.16 /683/15 തീയതി 22-05-2017 | 31 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.16 /2010/17 തീയതി 05-01-2018 | 64 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.17/1940/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 08.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF KANNUR DISTRICT PANCHAYATH FOR THE PERIOD FROM 01-04-17-TO 31-03-18

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 144539846.60<br>88168 |

| | | | |
|---|---|---|---|
| | Receipts | | |
| Operating | | | |
| 130000000 | Rental Income from Panchayat properties | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 2834388 |
| 150000000 | Sale & Hire Charges | RP-5 | 36260665 |
| 151000000 | Receipts from Transferred Institutions | RP-6 | 3777270 |
| 160000000 | Revenue Grants, Contributions & Subsidies | RP-7 | 856740737 |
| 171000000 | Interest Earned | RP-9 | 637105 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 122643179 |
| Non Operating | | | |
| 180000000 | Other Income | RP-10 | 52701 |
| 340000000 | Deposits Received | RP-34 | 1537126 |
| 350000000 | Other Liabilities | RP-36 | 14953061 |
| 41000000 | Fixed Asset | RP-38 | 83033 |
| 431000000 | Sundry Debtors (Receivables) | RP-43 | 4260544 |
| 460000000 | Loans, Advances and Deposits | RP-47 | 2136204 |
| Grand Total | | | 1190544027.60 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 4923423 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 2769297 |
| 230000000 | Operations & Maintenance | RP-13 | 7532969 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 54921569 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 147256804 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 47669493 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 604620 |
| 254000000 | Expenditures of Transferred Institutions and State Sponsored Scheme | RP-19 | 44346271 |
| 255000000 | Maintenance Projects | RP-20 | 359624532 |
| 280000000 | Revenue Grants, Contribution and Subsidies | RP-26 | 8873074 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 140000 |
| 350000000 | Othes Liabilities | RP-36 | 7658572 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 2597 |
| 340000000 | Deposits Received | RP-34 | 922348 |
| 350000000 | Other Liabilities | RP-36 | 17080019 |
| 410000000 | Fixed Assets | RP-38 | 81811717 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | RP-40 | 126151003 |
| 431000000 | Sundry debtors | RP-43 | 212289506 |
| 460000000 | Loans, Advances and Deposits | RP-47 | 4448219 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b | 61517994.60<br>0 |
| Grand Total | | | 1190544027.60 |

അനുബന്ധം-2-2

# INCOME & EXPENDITURE STATEMENT FROM 01-04-2017 TO 31-03-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from panchayat properties | I-3 | 4255841 |
| 140000000 | Fees & User Charges | I-4(b) | 2834427 |
| 150000000 | Sale & Hire Charges | I-5(b) | 36260665 |
| 151000000 | Receipts from Transferred Institutions | I-5(a) | 3777270 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 688863833 |

| | | | |
|---|---|---|---|
| 170000000 | Income from investment | I-7 | 47467 |
| 171000000 | Interest Earned | I-8 | 637105 |
| 180000000 | Other Income | I-9 | 52701 |
| A | Total Income | | 736729309 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 16614644 |
| 220000000 | Administrative Expenses | I-11(b) | 2889067 |
| 230000000 | Operations & Maintenance | I-12(b) | 7538863 |
| 240000000 | Interest & Finance Charges | I-13 | 2597 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 55321529 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 146856844 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 48629493 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 604620 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 44371271 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | I-14(e) | 359624532 |
| 272000000 | Depreciation | I-17(a) | 45989780 |
| B | Total Expenditure | | **728443240** |
| C=A-B | Gross Surplus / Defict Income over Expenditure | | 8286069 |
| D= 280000000 | Prior Period Item | I-18 | 8766559 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (480490) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

**അനുബന്ധം-2-3**

## BALANCE SHEET OF KANNUR DISTRICT PANCHAYATH AS ON 31-03-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| | | | |
| 310000000 | Panchayat Fund | B-1 | 179505736 |
| 312000000 | Reserves | B-3 | 903347989 |
| | Total Reserve & Surplus | | 1082853725 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 138033030.60 |
| | Total Grants, Contribution for specific purposes | | 138033030.60 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 7472558 |
| 350000000 | Other Liabilities | B-9 | 7137206 |
| | Total Current Liabilities and Provisions | | 14609764 |
| | TOTAL LIABILITIES | | 1235496519.60 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 793364075 |
| 411000000 | Accumulated Depreciation | B-11 | (119397861) |
| 412000000 | Capital Work In Progress | B-11(a) | 140417126 |
| | Total Fixed Assets | | 814383340 |
| | Investments | | |
| 420000000 | Investments | B-12 | 581167 |
| | Total Investments | | 581167 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 214005271 |
| 450000000 | Cash and Bank balance | B-17 | 61517994.60 |
| 460000000 | Loans, Advances and Deposits | B-18 | 145008747 |
| | Total Current Assets,Loans and Advances | | 420532012.60 |
| | TOTAL ASSETS | | 1235496519.60 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.